വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ജൂലൈ

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



**കയർ സഹകരണ പ്രസ്ഥാനം**
**തിരു–കൊച്ചി**
**നിയമസഭാ ചർച്ച**

**കയർഫെഡ്**
**സൂററ്റ് ഷോറൂം**
**ഉദ്ഘാടനം**

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

## 'ആഘോഷം ഏതുമാവട്ടെ അനുയോജ്യ സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'



*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

## അവിശ്വസനീയമായ ഓഫറുകളുമായി കയർഫെഡ്..!


കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി
തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!




Cocofert



Mattings



Tiles

**Customer Care Number :**
**0477 2243627**




Mats




Briquette



Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri :** 8281009847 | **Pathanamthitta :** 8281009873 | **Sreekayam :** 9349109251

# കയർ വ്യവസായം

# ഉള്ളടക്കം

**Vol-4, No.-12**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

**PAGE 06**



**കയർ സഹകരണ പ്രസ്ഥാനം തിരു–കൊച്ചി നിയമസഭാ ചർച്ച**

**PAGE 19**



**കയർഫെഡ് സൂററ്റ് ഷോറൂം ഉദ്ഘാടനം**

**PAGE 24**



**കാട്ടാക്കടയിലെ ജലസമൃദ്ധി**

**PAGE 32**



**കണ്ടച്ചിറ കയർ വ്യവസായസഹകരണ സംഘം നം. 50**

**PAGE 34**



**എം.ടി. ചന്ദ്രസേനൻ ചരിത്രത്തിനൊപ്പം നടന്ന തൊഴിലാളി നേതാവ്**

**ലേഖകരുടെ അഭിപ്രായങ്ങൾ കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

## ഗണപരമായ വർദ്ധനവിൽ നിന്നും ഗുണപരമായ മാറ്റത്തിലേക്ക്

**ക**യർ വ്യവസായത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുന്നതിൽ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി വഹിച്ച പങ്ക് ഭാവി കേരളം അടയാളപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. കേരളത്തിൽ കയർ പിരിക്കണമെങ്കിൽ തമിഴ്നാട് ചകിരിയെ ആശ്രയിക്കണമെന്നത് ഇന്ന് കടങ്കഥയായി. ഇടയ്ക്കിടെ ചകിരി വില വർദ്ധിപ്പിക്കുന്ന രീതിയും അപ്രത്യക്ഷമായി. കഴിഞ്ഞ രണ്ടു വർഷമായി ചകിരി വില മാറ്റമില്ലാതെ തുടരുന്നു.

കയർഫെഡ് സംഭരിക്കുന്ന ചകിരിയിൽ 35 ശതമാനവും കേരളത്തിലെ മില്ലുകളിൽ നിന്നാണ്. അറുപതോളം സംഘങ്ങൾ സ്വന്തം മില്ലിൽ തൊണ്ടടിച്ച് ചകിരി ഉത്പാദിപ്പിച്ച്, ആ ചകിരി ഉപയോഗിച്ചാണ് കയർ പിരിക്കുന്നത്. ഇതു കൂടി കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്ത് കയർ പിരിക്കുന്നതിനാവശ്യമായ ചകിരിയുടെ 65-70 ശതമാനവും ഇവിടെതന്നെയാണ് ഉത്പാദിപ്പിക്കുന്നത്.

ആറു കൊല്ലം മുൻപ് കേരളത്തിലെ പ്രതിവർഷ കയറുത്പാദനം ശരാശരി 70,000 ക്വിന്റലായിരുന്നുവെങ്കിൽ ഇന്നത് 2,50,000 ക്വിന്റലിനടുത്തെത്തി നിൽക്കുന്നു. കയർ വ്യവസായത്തിലെ ആകെ തൊഴിൽ ദിനങ്ങൾ ആറു കൊല്ലം മുൻപ് 11,02,500 ആയിരുന്നത് കഴിഞ്ഞ കൊല്ലം 53,93,000 ആയി ഉയർന്നു. കയർ തൊഴിലാളിയുടെ പ്രതിവർഷ വരുമാനം 13,500 രൂപയായിരുന്നത് 50,000 രൂപയായി വർദ്ധിച്ചു. കയർഫെഡിന്റെ വാർഷിക വിറ്റുവരവ് 34 കോടിയായിരുന്നത് 200 കോടിയ്ക്കടുത്തെത്തി.

കുതിച്ചുചാട്ടം രേഖപ്പെടുത്തുന്ന ഈ വളർച്ച കയർ വ്യവസായത്തിന്റെ തിരിച്ചുവരവാണ് കാണിക്കുന്നത്. രണ്ടാം കയർ പുനസംഘടനയും നവീകരണവും ശരിയായ ദിശയിലായിരുന്നുവെന്ന് മുകളിൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

ഈ മുന്നേറ്റത്തിന്റെ പശ്ചാത്തലത്തിൽ ചില ആത്മപരിശോധകളിലേയ്ക്ക് തിരിയുന്നത് ഉചിതമാകുമെന്ന് കരുതുന്നു. ഗണപരമായ വളർച്ചയിൽ നിന്നു ഗുണപരമായ മാറ്റത്തിലേയ്ക്കാണ് ഇനി നമ്മുടെ ശ്രദ്ധ തിരിയേണ്ടത്. കേരളത്തിലെ കയർ വ്യവസായത്തിൽ ചകിരി ഉത്പാദനത്തിന് പ്രധാനമായും രണ്ടു മാർഗങ്ങളാണ് നാളിതുവരെ അവലംബിച്ചു വന്നിരുന്നത്. തൊണ്ട് വെള്ളത്തിലിട്ട് ചീയിച്ച് തല്ലി ചകിരിയെടുക്കുന്ന പരമ്പരാഗത രീതിയും യന്ത്രങ്ങൾ ഉപയോഗിച്ച് പച്ചത്തൊണ്ട് തല്ലി ചകിരിയെടുക്കുന്ന രീതിയും.ഇതിൽ തൊണ്ട് ചീയിച്ച് തല്ലിയെടുക്കുന്ന ഗോൾഡൻ

ഫൈബർ അഥവാ സുവർണ്ണ നാരാണ് ഏറ്റവും ഗുണമേന്മയുള്ളത്. എന്നാൽ കടുത്ത പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാക്കുന്നതിനാൽ ഈ മാർഗം പൂർണമായി പിൻതുടരാൻ നമുക്ക് നിർവാഹമില്ല.

മാത്രമല്ല വർദ്ധിച്ച ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള ചകിരി ഉത്പാദിപ്പിക്കാൻ ഈ മാർഗം പര്യാപ്തവുമല്ല. ആ നിലക്ക് യന്ത്രങ്ങൾ ഉപയോഗിച്ച് പച്ചത്തൊണ്ട് തല്ലി ചകിരിയെടുക്കുന്ന രീതി അവലംബിക്കുകയേ മാർഗമുള്ളു. ഇതിന്റെ ഭാഗമായാണ് പ്രകൃതി ദുരന്തങ്ങളും മഹാമാരികളും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയുടെ നട്ടെല്ല് തകർക്കുന്ന സ്ഥിതിയിലും ഡീ ഫൈബറിംഗ് മില്ലുകളുടെ ഒരു വലിയ ശൃംഖല ഒന്നാം പിണറായി സർക്കാർ ഈ മേഖലയിൽ ഒരുക്കിയത്. രണ്ടാം പിണറായി സർക്കാരും ഈദൃശ പ്രവർത്തനങ്ങൾ ചടുലതയോടെ മുന്നോട്ടു കൊണ്ടുപോകുകയാണ്. ഇതിന്റെ ഭാഗമായാണ് ചകിരി ഉത്പാദനത്തിന്റെ അളവിൽ വലിയനേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്.

എന്നാൽ കേരളത്തിലെ ചകിരിയുടെ ഗുണമേൻമ ഇനിയുമെത്രയോ ഉയരേണ്ടതുണ്ട്. കയർപിരി സംഘങ്ങൾ കേരളത്തിലെ ചകിരി എടുക്കുന്നതിന് ഇന്ന് വിമുഖത കാട്ടുന്ന സ്ഥിതിയാണ്. ഗുണനിലവാരക്കുറവാണ് അതിനുകാരണമായി അവർ പറയുന്നത്. കേരള ചകിരിയിൽ കട്ടയും പോളയും ധാരാളം കാണുന്നുണ്ട്. കുട്ടിച്ചകിരിയും അനുവദനീയമായ അളവിലും കൂടുതലാണ്. ഈ ന്യൂനതകൾ പരിഹരിച്ച് ഗുണമേന്മ ഉയർത്തുന്നതിന് കേരളത്തിലെ ചകിരി ഉത്പാദകർ ശ്രദ്ധിച്ചേ തീരൂ. കാരണം ഉപഭോക്താവിന്റെ പരിപൂർണമായ സംതൃപ്തിയാണ് ഏതൊരു ഉത്പന്നവും  വിപണിയിൽ വിജയകരമായി നിലനിൽക്കാനുള്ള പ്രഥമവും പ്രധാനവുമായ ഉപാധി. ഉപഭോക്താവിന് ഏറ്റവും നല്ല ഉത്പന്നം തന്നെ കൊടുക്കണം. അത് ഉപഭോക്താവിന്റെ അവകാശവും ഉത്പാദകന്റെ ബാധ്യതയുമാണ്. ഈ ബാധ്യത പാലിക്കാത്ത ഉത്പാദകർ നിശ്ചയമായും വിപണിയിൽ നിന്ന് പിൻതള്ളപ്പെടും. കയറിന്റെ ഉത്പാദനം 65,000-70,000 ക്വിന്റലിൽ നിന്ന് 4 ലക്ഷം ക്വിന്റലിലേക്ക് എത്തിക്കാൻ തീവ്രശ്രമം നടത്തുന്ന നമുക്ക് ഇത്തരമൊരു കാര്യം ആലോചിക്കാൻ പോലും കഴിയില്ല. അതുകൊണ്ടുതന്നെ ചകിരിയുടെ ഗുണനിലവാരം ഉറപ്പാക്കുക എന്നതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ നമുക്ക് സാധ്യമല്ല.

അനുഭവം സ്ഫുടം ചെയ്തെടുത്ത് തലമുറ കൈമാറിയ സാങ്കേതിക തൊഴിൽ പരിചയമാണ് കേരളത്തിലെ കയർതൊഴിലാളികൾക്ക് ഉണ്ടായിരുന്നത്. പരമ്പരാഗത രീതിയിൽ അത്യദ്ധ്വാനം ചെയ്ത് മികച്ച ചകിരിയും കയറും ഉത്പാദിപ്പിച്ചവരാണ് നമ്മുടെ പൂർവികർ. ചകിരി വൃത്തിയാക്കുന്നതിലും കയർ പിരിക്കുന്നതിലും കയർ കെട്ടുന്നതിലും എല്ലാം പ്രാദേശികാടിസ്ഥാനത്തിലുള്ള പ്രത്യേകതകൾ ദൃശ്യമായിരുന്നു. ഇപ്പോഴത്തെ കയർ പിരിത്തൊഴിലാളികളിലും അനുബന്ധ തൊഴിലാളികളിലും ഈ അഭിരുചിയും തത്പരതയും കൈമോശം വന്നിരിക്കുന്നുവെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. പരമ്പരാഗത രീതിയിലുള്ള ഏതാനും കയറിനങ്ങൾക്ക് വടക്ക് പടിഞ്ഞാറൻ മാർക്കറ്റിലും ഓറഞ്ച് ബെൽറ്റിലും ഇപ്പോഴും ഡിമാന്റുണ്ട്. ഡിസ്കൗണ്ട് ഇല്ലാതെ ഈ വർഷം 10 ശതമാനം കയറെങ്കിലും വിറ്റഴിക്കാനാണ് കയർഫെഡ് ലക്ഷ്യമിടുന്നത്.

കയറിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമത്തിലാണ് കയർഫെഡ്. കയർഫെഡിനു മാത്രമായി ഈ ദൗത്യം വിജയിപ്പിക്കാനാവില്ല. കയർ വികസന വകുപ്പിന്റെയും കയർ സംഘം ഭാരവാഹികളുടെയും തൊഴിലാളികളുടെയും പിൻതുണയും സഹായവും കൊണ്ടു മാത്രമേ ഈ യജ്ഞം വിജയിപ്പിക്കാനാവൂ. ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

# കയർ സഹകരണ പ്രസ്ഥാനം തിരു–കൊച്ചി നിയമസഭാ ചർച്ച

**കേ**രളത്തിലെ കയർ സഹകരണ പ്രസ്ഥാനം യാഥാർത്ഥ്യമാകുന്നതിന് എത്രയോ മുമ്പു തന്നെ ഈ ദിശയിലുള്ള ചർച്ചകളും സംവാദ ങ്ങളും ആരംഭിച്ചിരുന്നു. 1950ൽ തിരു–കൊ ച്ചിയിൽ എൻ. കുഞ്ഞിരാമൻ വ്യവസായ മന്ത്രിയായിരുന്ന കാലത്താണ് കയർ ഉത് പാദക സഹകരണ സംഘങ്ങൾ സ്ഥാപിത മാകുന്നത്. ഇതിനു മുന്നോടിയായുള്ള തിരു–കൊച്ചി നിയമസഭയിൽ നടന്ന ചർച്ചയുടെ ചരിത്ര രേഖയാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്.

തിരു–കൊച്ചി നിയമസഭയിൽ 1950 ജനുവരി 21ന് കയർ വ്യവസായത്തെക്കുറിച്ച് വക്കം അബ്ദുൾ മജീദ് അവതരിപ്പിച്ച ഈ പ്രമേയത്തിന് അന്നത്തെ വ്യവസായ മന്ത്രി എൻ. കുഞ്ഞിരാമൻ മറുപടി പറഞ്ഞു. ഡോ. ഇ.കെ. മാധവൻ, ഈപ്പൻ അറയ്ക്കൽ, പി.കെ. രാമൻ, കെ.കെ. ചെല്ലപ്പൻ പിള്ള, വർഗീസ് അഗസ്റ്റിൻ, എൻ.ഡി. ജോസ്, പി. നാണു, ചിതംബരനാഥ നാടാർ എ.പി. കുഞ്ഞുകൃഷ്ണൻ, മാധവൻ എം. മങ്കുഴി, പൊന്നറ ജി. ശ്രീധർ, ശങ്കര പിള്ള പാണ്ഡവത്ത്, ഉദയഭാനു എ.പി., റാം ആർ.കെ., കെ. രാമകൃഷ്ണപിള്ള, യു.കെ. വാസുദേവൻ ആശാരി, എം.ഐ. പോൾ, കെ. കൊച്ചുകൃഷ്ണ പിള്ള എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഇടത്തരം കയർ വ്യവസായികളുടെ സഹകരണ സംഘം തിരുവിതാംകൂറിൽ സ്ഥാപിക്കണമെന്ന പ്രമേയം ചർച്ചയുടെയും മന്ത്രിയുടെ മറുപടിയേയും തുടർന്ന് അവതാരകൻ പിൻവലിക്കുകയാണുണ്ടായത്. ഇതിനേതുടർന്നാണ് കയർ മേഖലയിൽ സഹകരണ സംഘങ്ങൾ സ്ഥാപിതമായത്. ആദ്യ ഘട്ടത്തിൽ 22 കയർ ഉത്പാദക സംഘങ്ങളാണ് സ്ഥാപിതമായത്. ഇതിൽ ഉൾപ്പെട്ട പെരുങ്കുഴി, വാഴമുട്ടം (തിരുവല്ലം പാച്ചല്ലൂർ) സംഘങ്ങളെക്കുറിച്ചുള്ള ഫീച്ചർ കയർ വ്യവസായം മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

സ്വാതന്ത്ര്യസമര സേനാനിയും തിരുവിതാംകൂർ, തിരു–കൊച്ചി നിയമസഭകളിൽ ആറ്റിങ്ങൽ നിന്നും 1948–1952 കാലത്ത് നിയമസഭാംഗവുമായിരുന്ന അബ്ദുൾ മജീദ്, സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകനും സാമൂഹ്യ പരിഷ്ക്കർത്താവുമായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവിയുടെ അനന്തിരവനുമാണ്. അദ്ദേഹം 2000 ൽ 91–ാമത്തെ വയസിൽ അന്തരിച്ചു. ജീവിതാവസാനം വരെ സാമൂഹ്യചലനങ്ങൾ സസൂക്ഷമം വീക്ഷിച്ച് വിലയിരുത്തിയ അദ്ദേഹം വ്യക്തിപരമായി എനിക്ക് ആദരവും ഏറെ അടുപ്പവും സൗഹൃദവും ഉണ്ടായിരുന്ന നാട്ടുകാരൻ കൂടിയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുന്നിൽ പ്രണാമം അർപ്പിക്കുന്നു.

**ചീഫ് എഡിറ്റർ**




## അബ്ദുൾ മജീദിന്റെ പ്രസംഗം
**(നിയമസഭാ രേഖകളിൽ നിന്നും)**


**ഞാ**ൻ ഈ സഭയിൽ അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയം ഇതാണ്. 'തിരുവിതാംകൂറിൽ അധഃപതിച്ചുകൊണ്ടുവരുന്ന കയർ വ്യവസായം, കയർ പിരിച്ചുകൊണ്ടിരിക്കുന്ന ഇടത്തരം ആളുകൾ മാത്രം ഓഹരിക്കാരായിരിക്കുന്ന സഹകരണസംഘങ്ങൾ മുഖേന നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നു ഈ യോഗം ഗവൺമെന്റിനോടപേക്ഷിക്കുന്നു'.

ഈ പ്രമേയം ഈ സഭയുടെ അംഗീകരണത്തിനായി സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ ഗവൺമെന്റിനെ അഭിമുഖീകരിച്ചിരിക്കുന്ന ഇത്തരം പ്രശ്നങ്ങൾ അനവധിയുണ്ട്. എന്നാൽ വളരെ ആളുകളെ കുറച്ചധികം ഭയപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് കയർവ്യവസായികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങൾക്കു പരിഹാരമുണ്ടാക്കുക എന്നുള്ളത്. അങ്ങനെയുള്ള കയർ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ സങ്കടത്തിന് പരിഹാരമുണ്ടാക്കേണ്ടതാണെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

ഈ യൂണിയനിലെ എല്ലാ പ്രദേശങ്ങളെയും പൊതുവായി ബാധിക്കുന്ന ഈ വ്യവസായത്തിന്റെ പേരിൽ ഈ സഭയുടെ സകല ശക്തികളും ഉപയോഗിച്ചു ഈ പ്രമേയത്തെ അനുകൂലിക്കണമെന്നപേക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവനന്തപുരം, ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, വൈക്കം, അമ്പലപ്പുഴ, ചേർത്തല, പറവൂർ, കൊടുങ്ങല്ലൂർ, കണയന്നൂർ തുടങ്ങിയ 11 താലൂക്കുകളിലെ ഏറ്റവും പ്രധാനപ്പെട്ട ഈ കുടിൽവ്യവസായം ഇന്ന് അധഃപതിച്ചുകൊണ്ട് വരുന്നതിനാൽ ആ കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരമായ നടപടികൾ നടത്തുന്നുണ്ടെന്നു അടുത്തകാലത്ത് എനിക്ക് മനസിലാക്കുവാൻ സാധിച്ചിട്ടുണ്ട്. എങ്കിലും അതിനുവേണ്ട നടപടികൾ ഉടനെ എടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രബലമായ ശ്രമം ചെയ്യേണ്ടതാണെന്നപേക്ഷിക്കുവാനാണ് ഞാൻ ഈ പ്രമേയം ഹാജരാക്കിയിരിക്കുന്നത്.

ഏകദേശം അഞ്ചുലക്ഷത്തോളം ആളുകൾ ഉൾപ്പെട്ടു ജോലി ചെയ്യുന്ന ഒരു വ്യവസായമാണ് ഇതെന്നു പറയു






വക്കം മജീദ്

മ്പോൾ അതിന്റെ പ്രാധാന്യം എത്രമാത്രമുണ്ടെന്ന് മനസിലാക്കുമെന്നു വിശ്വസിക്കുന്നു. ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അതുവഴി ഏതാണ്ട് 10 കോടി രൂപയോളം യൂണിയൻ ഗവൺമെന്റിന് സമ്പാദിക്കുവാൻ കഴിയുന്നതാണ്. എന്നാൽ യുദ്ധകാലത്തെ അപേക്ഷിച്ചു ഇപ്പോൾ ഈ വ്യവസായത്തിന് അധഃപതനമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ അധഃപതനം ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളേയും മുതലാളിമാരേയും ഒഴിച്ചാൽ ഇടത്തരക്കാരായി ശേഷിക്കുന്നവരെയാണ് കൂടുതലായി ബാധിച്ചിരിക്കുന്നത്. തൊണ്ടിന് ഏതാണ്ട് നാലഞ്ചു മാസങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ ഇപ്പോൾ വില വർദ്ധിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വിലവർദ്ധനവും തൊഴിലില്ലായ്മയും നിമിത്തം ഈ തൊഴിലിലേർപ്പെട്ടിരുന്നവർ മിക്കവാറും നാടും വീടും വിട്ടു അന്യരാജ്യങ്ങളിലേക്കു പോകുവാനിടയായിട്ടുണ്ട്. അങ്ങനെ ഈ വ്യവസായം ഇന്നു താറുമാറായിപോയിട്ടുണ്ടെന്നുള്ള വസ്തുത മനസിലാക്കി അതിനുവേണ്ട നിവാരണമുണ്ടാക്കുന്ന കാര്യത്തിൽ ഈ സഭ ശ്രദ്ധിക്കണമെന്നപേക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇന്ന് വൻകിട വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന ആളുകൾ ഇത്തരം ചെറുവ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. ആലപ്പുഴയിലുള്ള ചില വൻകിട വ്യവസായികൾ യൂണിയൻ ഗവൺമെന്റ് വന്നതിനുശേഷം അവരുടെ ഇഷ്ടം പോലെ മാർക്കറ്റുകൾ നിശ്ചയിച്ചു സാധുക്കളിൽ നിന്നും വില ഈടാക്കിവരുന്ന സമ്പ്രദായം ധാരാളമായി നടന്നുകൊണ്ടിരിക്കുന്നു. ഇന്ന് കൽക്കട്ട, ബർമ്മ മുതലായ പ്രദേശങ്ങളിൽ ഇവിടെയുണ്ടാക്കപ്പെടുന്ന കയറിന്റെ 35 ശതമാനത്തിലധികം ചെലവാക്കിവരുന്നുണ്ട്. ചെറുതരം വ്യവസായികൾ പിരിച്ചുവരുന്ന വണ്ണം കുറഞ്ഞ കയർ അവിടെ വില കുറച്ച് വിൽക്കുവാൻ അവർ ശ്രമിക്കുന്നുണ്ട്. ശരിയായ മാർക്കറ്റില്ലാതെയും സാമ്പത്തികമായ നിലയിൽ സഹായമില്ലാതെയും അധഃപതിച്ചുകൊണ്ടിരിക്കുന്ന ഈ വ്യവസായത്തിന്റെ കാര്യത്തിൽ പരിഹാരമുണ്ടാക്കുവാനാണ് ഈ സഭ മുൻകൈയ്യെടുത്തു പരിശ്രമിക്കേണ്ടതെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. നൂൽ നൂൽപ്പ് അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ടി ആക്ട് നടപ്പിൽ വരുത്തിയിട്ടുള്ളതുപോലെതന്നെ കയർ വ്യവസായത്തിന്റെ പരിപൂർണ്ണമായ അഭിവൃദ്ധിയ്ക്കുവേണ്ടിയും ഒരു ആക്ട് ഈ സഭയിൽകൊണ്ടുവന്നു പാസാക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ വൻകിട വ്യവസായികളായ മുതലാളിമാർ ചെറുതരം വ്യവസായികളെയും തൊഴിലാളികളെയും ഭയങ്കരമായി ചൂഷണം ചെയ്യുന്നുണ്ട്.

തിരുവനന്തപുരം, ചിറയിൻകീഴ്, കൊല്ലം മുതലായ താലൂക്കുകളിലാണ് ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആളുകൾ ധാരളമുള്ളത്. വൻകിട വ്യവസായികൾ പണം മുടക്കി അതിൽ ചെറുതരം വ്യവസായികളെക്കൊണ്ട് ജോലി ചെയ്യിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ തൊണ്ടിന് വില വർദ്ധിച്ചിട്ടുണ്ട്. ചെറുതരം വ്യവസായികൾക്ക് തൊണ്ടുകിട്ടാതെ വിഷമിക്കേണ്ടിവരുന്നതിനാൽ പലപ്പോഴും അവർ വലിയ വ്യവസായികളിൽ നിന്നും പണം കടം വാങ്ങേണ്ടതായിവരുന്നു. അതുകൊണ്ട് തൊണ്ടിന്റെ വിലനിരക്ക് ക്ലിപ്തപ്പെടുത്തുന്ന പക്ഷം അത് ഇത്തരം ചെറുവ്യവസായികൾക്കു വലിയ സഹായമായിരിക്കുന്നതാണ്. ചെറുവ്യവസായികൾ എല്ലാംതന്നെ യാതൊരു ഗതിയുമില്ലാതെ കഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണ് വന്നുകൂടിയിരിക്കുന്നത്.

ബോംബെ, കൽക്കട്ട മുതലായ മാർക്കറ്റുകളിൽ കയർ ധാരാളമായി വിറ്റഴിക്കാൻ സൗകര്യം കിട്ടിയതു



*വക്കം അബ്ദുൾ മജീദ് 1950-ലെ തിരു-കൊച്ചി നിയമസഭയിലെ മറ്റ് അംഗങ്ങളോടൊപ്പം. (നിൽക്കുന്നതിൽ വലത്ത് വശം)*

കൊണ്ടാണ്, തൊണ്ടിന്റെ വില ഈ വിധത്തിൽ വർദ്ധിച്ചിട്ടുള്ളത്. സാധുക്കളെക്കൊണ്ട് വേലചെയ്യിപ്പിച്ചു വലിയ ലാഭം എടുക്കുന്നത് ഇടത്തരക്കാരും വലിയ മുതലാളിമാരുമാണ്. ഇവരിൽ നിന്നും സാധുക്കളെ രക്ഷിക്കുന്നതിനുള്ള ഒരു പോംവഴി കണ്ടുപിടിക്കാതെ തരമില്ല. ഈവക കാര്യങ്ങൾക്കുവേണ്ടി എനിക്കുള്ള അഭിപ്രായത്തെ ഇവിടെ രേഖപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നു.

സർ, നമ്മുടെ നാട്ടിൽ പല വിധത്തിലുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. കയറുതൊഴിലാഴികൾക്കുവേണ്ടി ശരിയായ അടിസ്ഥാനത്തിൽ ഓരോ സൊസൈറ്റികൾ അവിടവിടെ ഏർപ്പെടുത്തുന്നതു പലവിധത്തിലും ആശ്വാസപ്രദമാണെന്നുള്ളത് ഞാൻ പറയാതെ തന്നെ എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള സൊസൈറ്റികൾ സംഘടിപ്പിച്ച് ചെറുവ്യവസായികളെയും തൊഴിലാളികളെയും അതിൽ അംഗങ്ങളായി ചേർക്കുകയും, സൊസൈറ്റി മുഖാന്തിരം തൊണ്ടുവാങ്ങിക്കൊടുത്തു കയറുണ്ടാക്കിയും ആ കയറിനെ മറ്റുരാജ്യങ്ങളിൽ അയച്ചു വിൽക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം നമ്മുടെ നാട്ടിൽ ഏർപ്പെടുത്തുന്നതായാൽ സാധുക്കൾക്കു വേലയും, ഗവൺമെന്റിന് അതിൽനിന്നും ആദായവും കിട്ടുന്നതാണ്. അങ്ങനെ സൊസൈറ്റി മുഖാന്തിരം പ്രവർത്തനം തുടങ്ങുമ്പോൾ വലിയ മുതലാളിമാർ അമിതവില കൊടുത്തു തൊണ്ടുവാങ്ങുവാൻ മടിക്കുകയും തൻമൂലം നാട്ടിലുള്ള സാധുക്കൾക്ക് ന്യായമായ വിലയ്ക്ക് തൊണ്ട് കിട്ടുകയും ചെയ്യുന്നതാണ്.

ഒരു കയർ തൊഴിലാളിക്ക് കഴിഞ്ഞ യുദ്ധക്കാലത്ത് കിട്ടിക്കൊണ്ടിരുന്ന കൂലി 18 ചക്രമായിരുന്നു. എന്നാൽ ഇപ്പോൾ കയറിന്റെ വില 300 രൂപയായിട്ടും, അതായതു മുൻപിലത്തെക്കാൾ വളരെ വില കൂട്ടിയിട്ടും ഇന്ന് ഒരു കയർതൊഴിലാളിക്ക് കിട്ടുന്ന കൂലി വെറും 12 ചക്രം മാത്രമാണ്. ഇന്ന് തൊണ്ടിന്റെ വിലയും 25 രൂപയായി വർദ്ധിച്ചിരിക്കുകയാണ്. എന്നിട്ടും തൊഴിലാളിക്ക് ഒരു കാശുപോലും കൂട്ടിക്കൊടുക്കാൻ ഭാവമില്ല. കയറിന് ക്രമാതീതമായി വില വർദ്ധിക്കുമ്പോൾ ഇവിടത്തെ മുതലാളിമാർ തൊണ്ടിന്റെ വില കൂട്ടുന്നു. ഈ വില കൂടുതൽ അനുസരിച്ച് അവർക്ക് ധാരാളം തൊണ്ടു കിട്ടുകയും അതു അവർ ശേഖരിക്കുകയും ചെയ്യുന്ന തുനിമിത്തം ചെറുതരം വ്യവസായികളും തൊഴിലാളികളും തൊഴിലുകിട്ടാതെ വിഷമിക്കുകയും ചെയ്യുന്നു.

എന്റെ നിയോജക മണ്ഡലത്തിൽ അതായതു ചിറയിൻകീഴ് താലൂക്കിൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലും തൊണ്ടും ചകിരിയും കൊണ്ടാണ് സാധുക്കൾ ജീവിതം കഴിക്കുന്നത്. തൊഴിലിനുവേണ്ടി ആ സ്ഥലങ്ങളിൽ നിന്നും അതിരാവിലെ അനവധി സാധു തൊഴിലാളികളിൽ കൂട്ടംകൂട്ടമായി റോഡിൽ അലഞ്ഞു തിരിയുന്നതു കണ്ടാൽ ഏതു മനുഷ്യ ഹൃദയവും തകർന്നുപോകും. പലപ്പോഴും ഈ കാഴ്ച എന്നെ വേദനപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് എന്തെങ്കിലും ഒരു പരിഹാരം ചെയ്യണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്. ഞാൻ മുമ്പ് പറഞ്ഞ സൊസൈറ്റികൾ ഏർപ്പെടുത്തി ഇവരെ സംഘടിപ്പിച്ച് തൊഴിലിൽ ഏർപ്പെടുത്തേണ്ടതാണ്. അങ്ങനെ ചെറുതരം വ്യവസായികളെയും തൊഴിലാളികളെയും രക്ഷിക്കാൻ സാധിക്കും.

അതുകൊണ്ട് എനിക്ക് അവസാനമായി പറയാനുള്ളത് ഈ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നടപ്പിൽ വരുത്തുന്നതിനുവേണ്ടി വെയർ ഹൗസ് ആക്ട് ഉടനടി ഊർജ്ജിതത്തിൽ വരുത്തണമെന്നാണ്. അതുകൂടാതെ വേണ്ടി വന്നാൽ സൊസൈറ്റിക്ക് കടമായി ധനസഹായം കൂടി ചെയ്യുന്നതിൽ ഗവൺമെന്റ് തയാറാകണമെന്നാണ് എനിക്ക് ഒരു അഭ്യർത്ഥനയുള്ളത്. ഈ പ്രമേയത്തെ ഞാൻ സഭ മുമ്പാകെ അവതരിപ്പിക്കുന്നു.

**ഈപ്പൻ അറക്കൽ**

തിരുവിതാംകൂറിലെ തീരപ്രദേശങ്ങളെ സംബ

# ചർച്ച

ന്ധിച്ചിടത്തോളം, അതായത് പ്രധാനമായി അമ്പല പ്പുഴ, ചേർത്തല, വൈക്കം ഈ സ്ഥലങ്ങളിൽ കയർ വ്യവസായം വളരെ പ്രധാന്യമായ നിലയിൽ നടത്തി വരികയാണ്. ഈ കാലത്ത് കയറിന്റെ വില ക്രമാതീ തമായി വർദ്ധിച്ചിട്ടുണ്ടെന്നു നമുക്കറിയാം. ഈ വില വർദ്ധനവിന് അനുസരിച്ചുള്ള വ്യവസായം നാട്ടിൽ നടത്താനുള്ള സൗകര്യം കുറെക്കാലമായിട്ടു ഇല്ലാതാ യിരിക്കുന്നത്. തൻനിമിത്തം സാധുക്കളായ അനവധി കയറ്റുതൊഴിലാളികൾ പലവിധത്തിലുള്ള ബുദ്ധിമുട്ടു കൾ അനുഭവിച്ചുവരുന്നു.

കയർവ്യവസായത്തെ സംബന്ധിച്ചിടത്തോളം പലത രത്തിൽ ഉപജീവനം കഴിക്കുന്നവരുമുണ്ട്. അതായത്, ദരിദ്രരായ ഒരു കൂട്ടം ആളുകൾ ചകിരി കൈകൊണ്ടു പിരിച്ചു കയറാക്കി വിൽക്കുന്നു. മറ്റു ചിലർ റാട്ടുക ളിൽ ചകിരി പിരിച്ച് കയറാക്കി വിറ്റു ആഹാരസാധനം വാങ്ങിക്കുന്നു. മറ്റൊരുകൂട്ടം തൊഴിലാളികൾ കയറു കൊണ്ടുപോയി, തടക്കു മുതലായ സാധനങ്ങൾ ഉണ്ടാ ക്കുന്ന ജോലി ചെയ്യുന്നു. ഈ തൊഴിൽ അധികവും നടക്കുന്നത് ഫാക്ടറികളിലാണ്. ഇങ്ങനെ ചകിരി, കയർ, കയറ്റുപായ്, തടുക്ക് മുതലായവ ഉണ്ടാക്കുന്ന ജോലികളിൽ വിവിധ തൊഴിലാളികൾ ഏർപ്പെട്ട് അ വരുടെ നിത്യവൃത്തിക്കുള്ള വഴി തേടുന്നു. ഈ നില യിൽ ഉപജീവനം കഴിച്ചുവരുന്ന അനവധി തൊഴിലാ ളികളുടെ ഇടയിൽ കയർ വ്യവസായത്തിന് സാരമായ മാന്ദ്യം സംഭവിച്ചാൽ ഉണ്ടാകുന്ന ദുരിതാവസ്ഥയെപ്പറ്റി ഒന്നു ചിന്തിച്ചാൽ മനസിലാകുന്നതാണ്.

ഈ വ്യവസായത്തിന് മാന്ദ്യം സംഭവിച്ചതോടുകൂടി പട്ടണങ്ങളിലെന്നല്ലാ, ഉൾനാടുകളിൽപോലുംഉള്ളതൊ ഴിലാളികൾക്ക് തൊഴിലില്ല. ഫാക്ടറികളിൽ ഒന്നിലും ജോലിയില്ല. തടുക്ക്, പായ് മുതലായ സാധനങ്ങൾ കയറ്റി അയ്ക്കാനുള്ള സാധ്യത കുറഞ്ഞതോടു കൂടിയാണ് ഈ തൊഴിൽ കുഴപ്പമുണ്ടായത്. മുൻകാല ങ്ങളിൽ അവ പുറം രാജ്യങ്ങളിലേക്ക് അയക്കുകയും അവിടങ്ങളിൽ അവ ധാരാളമായി ചെലവാക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ ഇന്ന് ഡിമാന്റ് വളരെ കുറവാണ്. അതിന്റെ കാരണങ്ങളെപ്പറ്റി അന്വേഷിച്ച റിയേണ്ടതാണ്. അതിന് ചില സംഗതികൾ പറഞ്ഞു കേൾക്കുന്നു.

ചില വ്യവസായ പ്രമുഖൻമാർ മാത്രമേ മുൻകാല ങ്ങളിൽ നമ്മുടെ രാജ്യത്ത് തടുക്കും പായും എല്ലാം ഉണ്ടാക്കിയിരുന്നുള്ളൂ. നമ്മുടെ കേരളത്തിൽ നിന്നും പായും തടക്കുമെല്ലാം ഉണ്ടാക്കി വിദേശങ്ങളിൽ അയ ച്ചുകൊണ്ടിരുന്നപ്പോൾ നാം വളരെ വലിയ ലാഭമാണ് ഉണ്ടാക്കിയിരുന്നതെന്ന് മനസിലാക്കി യൂറോപ്യൻ രാജ്യങ്ങളിൽ നെയ്ത്ത് തറികൾ സ്ഥാപിച്ചു തടക്ക്, പായ് മുതലായ സാധനങ്ങൾ ഉണ്ടാക്കുന്നതിനുള്ള സൗകര്യങ്ങൾ അവർ ഉണ്ടാക്കിട്ടുണ്ടെന്നും തൻമൂലം നമ്മുടെ രാജ്യത്തുനിന്നും കയറ്റുമതി ചെയ്തിരുന്ന സാധനങ്ങളുടെ കയറ്റുമതി കുറഞ്ഞു എന്നുമാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഒരു കാര്യം നമ്മുടെ ശ്രദ്ധയിൽപ്പെടേണ്ട ഒന്നാണ്. കയർ സാധനങ്ങൾ, അതായത് പായും തടുക്കമെല്ലാമാണ് മുമ്പ് കയറ്റുമതി ചെയ്തിരുന്നത്. ഇപ്പോൾ കയറാണ്


> കയർ നമ്മുടെ രാജ്യത്ത് നിന്നും ഒരിക്കലും കയറ്റുമതി ചെയ്യാൻ പോകുന്നില്ലായെന്നു പറയുന്നത് ട്രേഡ് കൺവെൻഷൻ വിപരീതമായിരിക്കാം. അതുകൊണ്ടാണ് ഞാൻ പറയുന്നത് കയർ കയറ്റുമതി ചെയ്യുന്നതിനനുസരിച്ച് ഒരു പെർസെന്റേജ് പായും തടുക്കും കയറ്റുമതി ചെയ്യണമെന്ന്. അങ്ങനെ ഒരു തീരുമാനം ചെയ്യുകയാണെങ്കിൽ നമുക്ക് ഇന്നുണ്ടായിരിക്കുന്ന തൊഴിലില്ലായ്മയെ സാരമായ വിധത്തിൽ പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നത്തെ സ്ഥിതി നോക്കുകയാണെങ്കിൽ കയർ കൊണ്ട് ജീവിതാവശ്യങ്ങൾ നിർവഹിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ഇപ്പോൾ കയറിനു നല്ല വിലയാണുള്ളത്. അതു വ്യവസായികളെയും കച്ചവടക്കാരേയും ധാരാളമായി സഹായിച്ചിട്ടുണ്ട്.


കയറ്റുമതി ചെയ്യുന്നത്. തൻമൂലം കയർ കൊണ്ട് രൂപാ ന്തരപ്പെടുത്തുന്ന വ്യവസായത്തിന് ശരിയായ ഒരു സ്ഥാനം കിട്ടാതെ ആവിധ ജോലികളിൽ ഏർപ്പെട്ടിരി ക്കുന്നവർക്ക് തൊഴിൽ ഇല്ലാതെ ഭവിക്കുന്നു. ഇങ്ങനെ കയർ കയറായിട്ടു തന്നെ നമ്മുടെ രാജ്യത്തു നിന്നും പോകാതെ നമ്മുടെ രാജ്യത്തു തന്നെ അതു രൂപാന്ത രപ്പെടുത്തുന്നതിന് എന്താണ് ചെയ്യേണ്ടതെന്നുള്ള താണ് നമ്മുടെ സവിശേഷമായ ശ്രദ്ധയെ ആകർഷി ക്കുന്ന ഒരു സംഗതി. അതു പലതരത്തിലും ചെയ്യാമെ ന്നുള്ളതാണ്. എങ്കിലും അന്റെ അഭിപ്രായം നിശ്ചിത മായ ഒരു ക്വാണ്ടിറ്റി കയർ വെളിയിലേക്ക് അയക്കുമ്പോൾ അതിനു അനുസരിച്ച് ഒരു പെർസെന്റേജ് തടുക്കായോ പായായോ കയറ്റുമതി ചെയ്യണമെന്നു ഒരു നിയ ന്ത്രണം വരുത്തുന്നതു നന്നായിരിക്കുമെന്നാണ്.

കയർ നമ്മുടെ രാജ്യത്ത് നിന്നും ഒരിക്കലും കയറ്റുമതി ചെയ്യാൻ പോകുന്നില്ലായെന്നു പറയുന്നത് ട്രേഡ് കൺ വെൻഷന് വിപരീതമായിരിക്കാം. അതുകൊണ്ടാണ് ഞാൻ പറയുന്നത് കയർ കയറ്റുമതി ചെയ്യുന്നതി നനുസരിച്ച് ഒരു പെർസെന്റേജ് പായും തടുക്കും കയറ്റുമതി ചെയ്യണമെന്ന്. അങ്ങനെ ഒരു തീരുമാനം ചെ യ്യുകയാണെങ്കിൽ നമുക്ക് ഇന്നുണ്ടായിരിക്കുന്ന തൊഴി ലില്ലായ്മയെ സാരമായ വിധത്തിൽ പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നത്തെ സ്ഥിതി നോക്കുകയാണെങ്കിൽ കയർ കൊണ്ട് ജീവിതാവശ്യങ്ങൾ നിർവഹിക്കുന്ന ധാരാളം ആളു കൾ ഉണ്ട്. ഇപ്പോൾ കയറിനു നല്ല വിലയാണുള്ളത്. അതു വ്യവസായികളെയും കച്ചവടക്കാരേയും ധാരാള മായി സഹായിച്ചിട്ടുണ്ട്.

കൊല്ലം, ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ ഉള്ള ഫാക്ടറികളിൽ ജോലി വളരെ കുറവായിട്ടേ നടക്കുന്നുള്ളൂവെന്ന് വരികിലും കയർ കയറ്റുമതിക്കോ കയറിനോ വിലക്കോ യതൊരു കുറവുമില്ല. കയർ ധാരാളമായി പുറത്തു പോകുന്നുണ്ട്. കയർ അങ്ങനെ പുറത്തുപോകുന്നില്ലെങ്കിൽ ഇത്രത്തോളം വില കയറിനുണ്ടാവുകയില്ല. ഇന്ന് 1,000 തേങ്ങയുടെ തൊണ്ടിന് 75 രൂപ വരെ വിലയുണ്ടെന്നാണ് ഞാൻ അറിയുന്നത്. ഇത്രമാത്രം തൊണ്ടിന് വില വന്നിട്ടും കയർ വ്യവസായത്തിനു വ്യവസായം എന്ന നിലയിൽ മാന്ദ്യമാണ് സംഭവിച്ചിരിക്കുന്നത്. അതിനാൽ കയറായി കയറ്റുമതി ചെയ്യാതെ കയർ സധനങ്ങളായി കയറ്റുമതി ചെയ്യുന്നതിന് ഒരു ലെജിസ്ലേഷൻ ഉണ്ടാക്കിയാൽ ഇപ്പോൾ കാണുന്ന കയർ വ്യവസായത്തിലുള്ള മാന്ദ്യം പരിഹരിക്കാൻ കഴിയുമെന്നാണ് ഞാൻ പറയുന്നത്. അതിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

### പി.കെ. രാമൻ

കയർ വ്യവസായത്തിന്റെ പുനരുദ്ധാരണത്തെപ്പറ്റി മജീദ് ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ തത്വത്തോടു യോജിച്ചുകൊണ്ടു ഏതാനും ചില സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കയറുപിരിപ്പുകാർക്കു യഥാർത്ഥമായ കൂലി കിട്ടുന്നില്ലെന്നുള്ളത് രാജ്യവ്യാപകമായ ഒരു പരാതിയാണ്. ഈ വ്യവസായം സംഘടിച്ചു പ്രവർത്തനം തുടങ്ങുന്നതായാൽ അതുകൊണ്ടു സാധുക്കൾക്കും ഗവൺമെന്റിനും ആദായകരമാകുമെന്നുള്ളത് തീർച്ചയാണ്. ഇന്ന് തിരുവിതാംകൂറിൽ കയർ വ്യവസായം പല സ്ഥലങ്ങളിലും നടക്കുന്നുണ്ട്. ഇതിൽ നിന്ന് വളരെയധികം സമ്പാദിച്ച വ്യക്തികളുമുണ്ട്. കയർ വ്യവസായത്തിൽ പണം സമ്പാദിച്ചവർ മിക്കവരും ആലപ്പുഴയിലെ കയറ്റുമതി വ്യാപാരികളാണ്. എന്നാൽ ഇവർക്ക് പണം ഉണ്ടാക്കിക്കൊടുക്കുന്ന തൊഴിലാളികളുടെ അദ്ധ്വാനത്തിന് ഫലം അവർക്ക് കിട്ടുന്നുമില്ല. ഈ നിലയിൽ കയർ തൊഴിലാളികൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കിടന്നു കഷ്ടപ്പെടുകയാണ്.

ലക്ഷക്കണക്കിനു രൂപ മുടക്കി വ്യാപാരം ചെയ്യുന്ന വൻകിട മുതലാളിമാരുടെ ഈ പ്രവർത്തനം നിമിത്തം സാമ്പത്തികമായിട്ടു രാജ്യത്തിനു ഒരു നേട്ടവും ഇല്ലെന്നു പറയുന്നില്ല. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഈ വ്യവസായം അധഃപതിച്ചുവരികയാണ് ചെയ്യുന്നത്. വ്യവസായത്തിനു തളർച്ചയും ക്ഷയവും വരാത്തവിധത്തിൽ പുനരുദ്ധാരണം ചെയ്തു പോഷിപ്പിക്കേണ്ടത് ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ്. മുതലാളിമാർ തൊഴിലാളികൾക്ക് കുറഞ്ഞകൂലി കൊടുത്തു കൊണ്ടു അവർ അമിതമായ ലാഭമെടുക്കുന്നു എന്നുള്ള പരാതിയെ അടിസ്ഥാനമാക്കിയാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതു ശരിയാണെന്നു സമ്മതിക്കാതെ തരമില്ല. പച്ചത്തൊണ്ടു കയറാക്കി കയറ്റുമതി ചെയ്യുന്നതിനിടക്ക് മൂന്ന് നാലു ഘട്ടങ്ങളിലായി ഓരോരുത്തർ ലാഭം എടുക്കുന്നുണ്ട്. അതായത്, പച്ചത്തൊണ്ട് ധാരാളം ശേഖരിച്ച് അത് അഴുക്കിയിട്ടു കൂടുതൽ വിലക്ക് വിറ്റു ലാഭം എടുക്കുന്ന കുറെ മുതലാളിമാരുണ്ട്. ചകിരി പിരിച്ച് കയറാക്കുന്നതിനെ വാങ്ങി ശേഖരിച്ച് ഒരുമിച്ചു വിറ്റ് ലാഭം എടുക്കുന്ന മറ്റൊരുകൂട്ടം മുതലാളിമാരുണ്ട്. ഇവ കയറ്റി അയക്കുന്ന അവസരത്തിൽ, അതായത് കയറ്റുമതി ചെയ്യുമ്പോൾ ലാഭം എടുക്കുന്ന ഇനിയൊരുകൂട്ടം മുതലാളിമാരുണ്ട്. ഇങ്ങനെ പലരും ലാഭമുണ്ടാക്കിയതിനുശേഷമാണ് അതു വിദേശവിപണികളിൽ ചെന്നുചേരുന്നത്. ഇങ്ങനെ കയറിന്റെ ഓരോ സ്റ്റേജിലും ഒരോരുത്തർ ലാഭം എടുക്കുന്നതുകൊണ്ടു ഏതാനും വ്യക്തികൾ അതുമൂലം നന്നാകുമെന്നല്ലാതെ സാധുക്കളായ തൊഴിലാളികൾക്ക് യാതൊരു ഗുണവും കിട്ടുന്നില്ല. ഈ പലയിട ലാഭം എടുക്കുന്ന സമ്പ്രദായത്തെ നിറുത്തൽ ചെയ്യുന്നതായാൽ തൻമൂലം തൊഴിലാളിക്ക് അൽപം ഒരാശ്വാസത്തിന് വകയുണ്ട്. അതിനായി എനിക്കു ഗവൺമെന്റിനോടു അഭ്യർത്ഥിക്കുവാനുള്ളത്, പരസ്പരസഹായസംഘം വഴി ഈ വ്യവസായം നടത്താൻ വ്യവസ്ഥയുണ്ടാക്കണമെന്നാണ്. ലോകത്ത് മിക്കഭാഗങ്ങളിലും ഇതുപോലെയുള്ള വ്യവസായ സഹകരണ സംഘങ്ങൾ വിജയപ്രദമാംവണ്ണം പ്രവർത്തനം നടത്തുന്നുണ്ട്. ജപ്പാൻ, ചൈന മുതലായ രാജ്യങ്ങളിൽ ഈ സംഘങ്ങൾ മുഖേനയാണ് ചെറുവ്യവസായം നടത്തുന്നത്. അവ വളരെ ഫലപ്രദമാകുകയും ചെയ്യുന്നു. ആ വിധത്തിലുള്ള സഹകരണ സംഘങ്ങൾ നമ്മുടെ രാജ്യത്ത് ഏർപ്പെടുത്തുകയും അതിന്റെ സെന്റർ ആലപ്പുഴയോ മറ്റോ ആക്കുകയും ചെയ്യണം. അങ്ങനെയായാൽ, മൂന്നു നാലു സ്റ്റേജുകളായി തൊണ്ട്, കയർ ഇവകളിൽ നിന്നും ലാഭമെടുക്കുന്ന സമ്പ്രദായം നിറുത്തലാക്കാം. അതുകൂടാതെ തൊണ്ടുമൂടുന്നതും അതിനെ വിൽക്കുന്നതും സംബന്ധിച്ചുള്ള സകല ചുമതലകളും ഈ സംഘങ്ങളെ ഏൽപ്പിക്കുകയും അവർ അതിൽ ഉത്തരവാദിത്വം വഹിക്കുകയും ചെയ്യും. മാത്രമല്ലാ അൽപ ലാഭത്തിനുമാത്രം പ്രവർത്തനം നടത്തുന്ന ഈ സംഘങ്ങൾ വിസ്തൃതമായ തോതിൽ വ്യവസായം നടത്തുന്നതോടുകൂടി തൊഴിലാളികൾക്ക് നിത്യവും ജോലി കിട്ടുകയും വേലക്ക് അനുസരിച്ചുള്ള കൂലി കിട്ടുകയും ചെയ്യുന്നതാണ്. ഇനി മറ്റൊന്നുള്ളതു ഈ ഉൽപ്പന്നങ്ങൾക്ക് പുറംരാജ്യങ്ങളിൽ നല്ല മാർക്കറ്റ് ഉണ്ടാകുന്നതിനേയും നല്ല വില കിട്ടുന്നതിനെയും സംബന്ധിച്ചാണ്.

ഒരു വ്യാപാര ഉൽപ്പന്നം ലോകത്തിൽ എവിടെയെല്ലാമാണുണ്ടാകുന്നതെന്നു മനസിലാക്കുകയും ലോകവ്യാപകമായ തോതിൽ അതിനുണ്ടാകാവുന്ന ആവശ്യം മനസ്സിലാക്കുകയും ചെയ്ത് അതിന്റെ ആവശ്യമനുസരിച്ച് നിയന്ത്രിക്കുകയും മാർക്കറ്റ് കണ്ടുപിടിക്കുകയും ചെയ്താൽ നല്ല വില കിട്ടുന്നതാണ്. അതിന് നമ്മുടെ രാജ്യത്തിന് കഴിവുണ്ടോ എന്നുള്ളതാണ് പ്രശ്നം. വ്യവസായത്തിൽ എപ്പോഴും നോക്കേണ്ടത് മറ്റുരാജ്യങ്ങളിൽ അതിന് ആവശ്യമായ ഡിമാൻഡുണ്ടോ എന്നുള്ളതാണ്. അതിനാൽ സപ്ലൈയും ഡിമാൻഡും ശരിയായ രീതിയിൽ ആക്കുന്നതിലേക്കും നാം സ്വീകരിക്കുന്ന പുതിയ പരിപാടി രാജ്യത്തിന് ഏതെങ്കിലും അസ്വസ്ഥതയുണ്ടാക്കുമോ എന്നുള്ളതു

നാം ചിന്തിക്കേണ്ട ഒരു സംഗതിയാണ്. അതുകൂടാതെ ഇതു ചുരുങ്ങിയ തോതിലുള്ള ഒരു സാധനമല്ല. ഇതു വാങ്ങുകയും സൂക്ഷിച്ചു വെയ്ക്കുകയും ചെയ്താൽ വളരെ വലിയ ഒരു ബൾക്ക് കവർ ചെയ്യുന്ന ഒരു സാധനമാണ്. ഇതു കുറെ നാളത്തേക്ക് വെയർഹൗസിൽ വെച്ചുകൊണ്ടിരിക്കുവാൻ സാധിക്കുമോ, വെയർഹൗസിൽ കൊണ്ടുപോകുന്നതിലേക്ക് സഹായം ചെയ്യാൻ സാധിക്കുമോ, അവിടെ ആളുകൾ വന്ന് ഈ സാധനങ്ങൾ വാങ്ങിക്കാതെയിരുന്നാൽ അതിന്റെ അനന്തരഫലം എന്തായിരിക്കും എന്നെല്ലാം നാം ചിന്തിക്കേണ്ടതാണ്. സാമ്പത്തികാധഃപതനം വരാനിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. എന്നാൽ യുദ്ധാനന്തര പുനഃസംവിധാനപദ്ധതിയുടെ പ്രവർത്തനം കൊണ്ടോ എന്തോ അങ്ങനെ ഒരു സാമ്പത്തികാധഃപതനം സംഭവിച്ചതായി കാണുന്നില്ല. സാമ്പത്തികാധഃപതനം മൂലം നമ്മുടെ സാധനങ്ങൾ ചെലവാകാതെ വരുമോ എന്നു നമ്മുടെ മുമ്പിലുള്ള അനുഭവം വെച്ചുകൊണ്ട് നാം ചിന്തിക്കണം. ഏതായാലും വെയർഹൗസ് ആക്ടിനെ ഞാൻ അനുകൂലിക്കുന്നു. വ്യാപാരത്തിന്റെ സ്റ്റേജസ് കുറച്ചു ലാഭവാഞ്ചക്കാരായ ഇടത്തരക്കാരെ കഴിയുന്നിടത്തോളം ഒഴിവാക്കി ഈ വ്യവസായത്തെ സംഘടിപ്പിക്കേണ്ടതു വളരെ ആവശ്യമാണ്. ഒരു സ്ഥലത്ത് ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുണ്ടെങ്കിൽ ആ സൊസൈറ്റിയുടെ കീഴിൽ നിർബ്ബന്ധമായി തൊണ്ട് ശേഖരിച്ച് അഴുക്കാൻ കൊടുക്കുന്ന ഒരേർപ്പാടുണ്ടായിരിക്കണം. ഇതിനെ ഒരു ഫെയർ പ്രൈസ്സ് ഷോപ്പു മാതിരി വില നിയന്ത്രിക്കുന്ന ഏജൻസിയാക്കണം. അതുമൂലം വില കൂട്ടുന്നതിനെ ഫലപ്രദമായവിധത്തിൽ തടയാൻ സാധിക്കും. ഒരു സ്ഥലത്ത് തൊണ്ട് വളരെ മൂടിവെയ്ക്കുന്ന മുതലാളിമാർ ഉണ്ടെങ്കിൽ അവർക്ക് സന്ദർഭം പോലെ വില കുറയ്ക്കുന്നതിനോ കൂട്ടുന്നതിനോ സാധിക്കും. അതിനെ നിയന്ത്രിക്കുന്നതിനു പറ്റിയവിധത്തിൽ, അഴുക്കത്തൊണ്ടിന്റെ ഡിമാന്റ് അധികമായുണ്ടാകുന്ന അവസരത്തിൽ നാം ഉദ്ദേശിക്കുന്ന പരസ്പരസഹായസംഘം രണ്ടുമൂന്നു ലക്ഷം തൊണ്ട് ചീയിച്ചിട്ടുണ്ടെങ്കിൽ മുതലാളികൾ വില കൂട്ടുന്നതിനെ തടയാൻ സാധിക്കും. അങ്ങനെ സാധുക്കളായ തൊഴിലാളികൾക്ക് അധികം ഉപദ്രവത്തിന് ഇടവരാതെ വിലകയറ്റത്തെ തടയാൻ സാധിക്കുമെന്നാണ് എന്റെ അനുമാനം.

ഇതുകൂടാതെ മായം ചേർക്കുന്നതിനെപ്പറ്റിയും സ്റ്റാൻഡേർഡിനെപ്പറ്റിയും ഇവിടെ പലരും പറയുകയുണ്ടായി. വിദേശങ്ങളുമായി കോൺട്രാക്ടിൽ ഏർപ്പെട്ടു കയറ്റുമതി ചെയ്യുമ്പോഴാണ് ഇങ്ങനെയുള്ള മായങ്ങൾ ചിലർ ചെയ്യുന്നത്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയ ഒന്നല്ല. യുദ്ധത്തിനുമുമ്പു മുതൽ തന്നെ ഇങ്ങനെയുള്ള കലിപ്പുകൾ ഉണ്ട്. കച്ചവടക്കാരുടെ അമിതാദായത്തിനുവേണ്ടി ഇതൊരു ആവശ്യമാക്കി തീർത്തിട്ടുണ്ട്. ഈ മാതിരി മായങ്ങൾ പുൽത്തൈലത്തിലും മറ്റും പലതിലും സംഭവിക്കുന്നുണ്ട്. കച്ചവടത്തിൽ സാൻമാർഗ്ഗികസ്വഭാവം നിലനിർത്തുന്നത് ഒരു വലിയ നേട്ടവും മൂലധനവുമാണെന്നു വിചാരിക്കുന്നവരാരും ഇങ്ങനെ ചെയ്യുമെന്ന് എനിക്കു തോന്നുന്നില്ല. ആലപ്പുഴയിൽത്തന്നെ വലിയ വ്യാപാരി

എത്രയോ കാലമായി ഗവൺമെന്റ് ഡ്യൂട്ടിയായും ഇപ്പോൾ സെയിൽസ് ടാക്സായും പണം വാങ്ങുന്നുണ്ട്. അതുകൊണ്ട് അതിന്റെ ആരോഗ്യകരമായ പുരോഗതിക്ക് വേണ്ടി എന്തെങ്കിലും ഗവൺമെന്റ് ചെയ്യേണ്ടതാണ്. കയർ വ്യാപാരത്തിന്റെയും വ്യവസായത്തിന്റെയും സാമ്പത്തികാഭിവൃദ്ധിയെ പുരസ്ക്കരിച്ച് ഗവൺമെന്റ് മുൻകൈയെടുത്ത് പ്രവർത്തിക്കണം. കുറെ രൂപാ ന്യായമായ കാര്യങ്ങൾക്കുവേണ്ടി ഗവൺമെന്റും കടം കൊടുക്കുകയോ സഹായിക്കുകയോ ചെയ്താൽ അത് അസ്ഥാനത്താണെന്ന് എനിക്ക് തോന്നുന്നില്ല. ഇതിനുമുമ്പ് പലതും ഏറ്റെടുത്തിട്ട് ഗവൺമെന്റിന് പരാജയം പറ്റിയിട്ടുണ്ട്.

കൾ ധാരാളമുണ്ട്. അവരാരും തന്നെ ഇങ്ങനെ ചെയ്തതായി അറിവില്ല. വല്ലതും ഒരു ചെറിയ കയറ്റുമതിക്കുവേണ്ടി ഉത്തരവാദിത്വമില്ലാതെ ഓർഡർ വാങ്ങുന്ന ആളുകളാണ് ഇങ്ങനെ ചെയ്യുന്നത്. അങ്ങനെയുള്ള ആളുകളെ ആ മാതിരി പ്രവൃത്തികളിൽ നിന്നും തടയേണ്ടതു വളരെ ആവശ്യമാണ്. ഗവൺമെന്റ് വിചാരിച്ചാൽ തടയാൻ സാധിക്കും. ഇപ്പോൾ കയറിനു വളരെ നല്ലകാലമാണ്. പുറം രാജ്യങ്ങളിൽ കയറിന്റെ ആവശ്യം വളരെ അധികമാണ്. ഇപ്പോൾ ഉള്ളതിനേക്കാൾ കൂടുതൽ കയർ ഉത്പാദിപ്പിക്കാൻ സാധിക്കുമോയെന്നുള്ള കാര്യവും ആലോചിക്കേണ്ടതാണ്. പത്തോ പന്ത്രണ്ടോ കോടി രൂപയാണ് നമ്മുടെ ഐക്യ സംസ്ഥാനത്തിന് ഈ ഒരു ഇനത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നത്. ഇത് നമ്മുടെ എക്സ്പോർട്ടിന്റെ ഒരു വലിയ ശതമാനമാണ്. ഏതാണ്ട് നാൽപ്പതോ നാൽപ്പത്തഞ്ചോ ശതമാനം വരും. ഇത്ര വലിയ സാമ്പത്തിക സാദ്ധ്യതയുള്ള ഒരു സാധനത്തിന് ഗവൺമെന്റ് ഡ്യൂട്ടി ഈടാക്കിയിരുന്നു. ഇപ്പോൾ സെയിൽസ് ടാക്സ് ഈടാക്കുന്നു. എത്രയോ കാലമായി ഗവൺമെന്റ് ഡ്യൂട്ടിയായും ഇപ്പോൾ സെയിൽസ് ടാക്സായും പണം വാങ്ങുന്നുണ്ട്. അതുകൊണ്ട് അതിന്റെ ആരോഗ്യകരമായ പുരോഗതിക്ക് വേണ്ടി എന്തെങ്കിലും ഗവൺമെന്റ് ചെയ്യേണ്ടതാണ്. കയർ വ്യാപാരത്തിന്റെയും വ്യവസായത്തിന്റെയും സാമ്പത്തികാഭിവൃദ്ധിയെ പുരസ്ക്കരിച്ച് ഗവൺമെന്റ് മുൻകൈയെടുത്ത് പ്രവർത്തിക്കണം. കുറെ രൂപാ ന്യായമായ കാര്യങ്ങൾക്കുവേണ്ടി ഗവൺമെന്റ് കടം കൊടുക്കുകയോ സഹായിക്കുകയോ ചെയ്താൽ അത് അസ്ഥാനത്താണെന്ന് എനിക്ക് തോന്നുന്നില്ല. ഇതിനുമുമ്പ് പലതും ഏറ്റെടുത്തിട്ട് ഗവൺമെന്റ് പരാജയം പറ്റിയിട്ടുണ്ട്. ആ അനുഭവം മുമ്പിൽ വെച്ചു

കൊണ്ടു പരാജയപ്പെടാത്ത ഒരു മാതൃക സ്വീകരിച്ച കയർ വ്യവസായത്തിന്റെ പുരോഗതിയ്ക്ക് പറ്റിയവിധത്തിൽ ഗവൺമെന്റ് ഒരു പരിപാടി ആസൂത്രണം ചെയ്ത് താമസംവിനാ പ്രവർത്തിപഥത്തിൽ കൊണ്ടുവരണം.

**കെ.കെ. ചെല്ലപ്പൻപിള്ള**

ബാക്കിയുള്ളവരുടെ പ്രയത്നഫലത്തിൽ നിന്നും സുഖമായി ജീവിച്ചു തിന്നുതടിക്കാനായി ഉദ്ദേശിക്കുന്ന ആളുകളെ ചേർത്ത് ഇതിലേക്ക് ഒരു സഹകരണ സംഘം നടത്തിയാൽ ആകപ്പാടെ ഈ വ്യവസായത്തിന് ദോഷം വരും. ഈ കയർ വ്യവസായം ശരിയായവിധത്തിൽ കൊണ്ടു പോകണമെങ്കിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സാധാരണ തൊഴിലാളികളുടെ സഹകരണസംഘം മുഖേന തന്നെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തേണ്ടതും അവരുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതും ആവശ്യമാണ്. മയ്യനാട്ട് കയർ വ്യവസായത്തൊഴിലാളികളുടെ ഒരു സഹകരണ സംഘം നടക്കുന്നുണ്ടെന്നും അതിന് മുതലാളികളുടെയും ഇടത്തരക്കാരുടെയും വലിയ സംഘട്ടനം നേരിടേണ്ടി വരുന്നു എന്നുമാണ് എനിക്കറിയാൻ കഴിയുന്നത്. അതുപോലെയുള്ള സഹകരണ സംഘങ്ങൾ കൂടുതലായി ഉണ്ടാക്കി മുതലാളികളുടെ പിടിയിൽ നിന്നും ഈ തൊഴിലാളികളെ വിടർത്തി കൊണ്ടുവരുന്നത് ഉപകാരമായിരിക്കുമെന്നാണ് കരുതുന്നത്. ഇപ്പോൾ കയർ വ്യവസായം വളരെ അധഃപതിച്ചിട്ടുണ്ട്. മജീദ് ചൂണ്ടിക്കാണിച്ചതുപോലെ കയർ വ്യവസായത്തിൽ ഇടക്കുവന്നുചേർന്ന വൻകിട മുതലാളികൾ, ഇടത്തരക്കാർ മുതലായവർ മണ്ണ്, വെള്ളം ഇവ കലർത്തി വിറ്റു വിദേശ വിപണികളിൽ ഇതിനുണ്ടായിരുന്ന വിലയെ കുറച്ചുവരുന്നതായി നമുക്കെല്ലാവർക്കും അറിയാം.

അതു കൂടാതെ വൻകിട മുതലാളികൾ ഈ കയർ മാർക്കറ്റ് കൺട്രോൾ ചെയ്യുന്നതുകൊണ്ട് തൊഴിലാളികൾക്ക് വളരെ ദോഷം വരുമെന്നുള്ളതിനാൽ തൊഴിലാളികൾ തന്നെ ഏകോപിച്ചു പരസ്പര സഹായ സംഘങ്ങൾമുഖേനവ്യാപാരംനടത്തണം.ഇന്നത്തെവ്യവസായ മാന്ദ്യത്തിനും, അതുമൂലം തൊഴിലാളികൾക്ക് വന്നിട്ടുള്ള തൊഴിലില്ലായ്മകൾക്കും കഷ്ട നഷ്ടങ്ങൾക്കും പരിഹാരം ഉണ്ടാക്കണമെങ്കിൽ വ്യവസായം തൊഴിലാളികളാൽ തന്നെ നിയന്ത്രിക്കപ്പെടണം. അല്ലാതെ മജീദ് പറഞ്ഞതുപോലെ ഇടത്തരക്കാരായ വ്യവസായികളെ മാത്രം ഉൾക്കൊള്ളുന്ന പരസ്പര സഹായ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ എത്രമാത്രം തൊഴിലാളികൾക്ക് അതു ഗുണകരമായിരിക്കുമെന്നു ആർക്കും അനുമാനിക്കാവുന്നതാണ്. കയർ വ്യവസായത്തെപ്പറ്റി ബാക്കിയുള്ള കാര്യങ്ങൾ മുഴുവനും മജീദ് പറഞ്ഞു കഴിഞ്ഞു. ഇന്നു കയർ വ്യവസായവും അതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും ഏതെങ്കിലും രക്ഷാമാർഗ്ഗവും പ്രോത്സാഹനവും നൽകണമെന്നു ഗവൺമെന്റ് വിചാരിക്കുന്നുണ്ടെങ്കിൽ അതിനു ഇന്നു സഹകരണ സംഘങ്ങൾ മുഖേനയുള്ള വ്യവസായവം വ്യാപാരവും അല്ലാതെ മറ്റൊരു മാർഗ്ഗവും ഇല്ലെന്നു വേണം കരുതാൻ.. ഇപ്പോൾ ഇൻഡ്യാ ഗവൺമെന്റും ഒരു പ്ലാനിംഗ് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ പോകുന്നതായി നാം അറിഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി വർക്കിംഗ് കമ്മിറ്റി ഒരു പ്രമേയം ഇന്നലെ പാസാക്കിയിരിക്കുന്നു. നമ്മുടെ ഗവൺമെന്റും അതുമായി സഹകരിക്കുകയും ഈ കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹകരണ സംഘങ്ങൾ മുഖേന ആവശ്യമായ എല്ലാ നടപടികളും നടത്തുകയും വേണം. ഇപ്പോഴെ തന്നെ അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുകയും എല്ലാ പ്രോത്സാഹനങ്ങളും ഗവൺമെന്റിൽ നിന്നും നൽകുകയും ചെയ്യണം. ഈ സംരംഭങ്ങളിൽ തിരുവിതാംകൂറിലെ എല്ലാ വൻകിട മുതലാളിമാരും സഹകരിക്കുമെന്നും നമുക്കാശിക്കാം.

ഇവിടെ ഈ കയർ വ്യവസായം പല സ്റ്റേജുകളിലാണ് നടക്കുന്നത്. ആദ്യമെ തൊണ്ടു വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന വൻകിട മുതലാളിമാർ ലക്ഷക്കണക്കിനു തൊണ്ടു വാങ്ങിച്ചു ചീയിച്ചു സൂക്ഷിക്കുന്നു. അവരിൽ നിന്നും തൊണ്ടു വിലക്ക് വാങ്ങി കയർ വ്യവസായികൾ കയർ പിരിപ്പിക്കുന്നു. അവരിൽ നിന്നും പിരിക്കുന്നതായ കയർ ഇടത്തരക്കാരായ മുതലാളിമാർ വിലയ്ക്കെടുത്ത വൻകിട മുതലാളിമാർക്ക് വിൽക്കുന്നു. തൊണ്ട് തല്ലുന്നവർ, കയർ പിരിക്കുന്നവർ, ഫാക്ടറി ജോലിക്കാർ എന്നിങ്ങനെ മൂന്നു തരം തൊഴിലാളികളാണ് ഇതിൽ പ്രധാനമായി ഏർപ്പെട്ടിരിക്കുന്നത്. ഇന്നത്തെ മുതലാളിമാർ, ഇടത്തട്ടുകാർ എന്ന നിലയിൽ ഇതിൽ രണ്ടു വിഭാഗക്കാർക്ക് ഈ വ്യവസായത്തിൽ നിന്നും ധാരാളമായി ലാഭമുണ്ടാകുന്നുണ്ട്. തൊഴിലാളികൾക്ക് അവരുടെ അദ്ധ്വാനത്തിനു അനുസരണമായും അവർക്ക് ജീവിക്കുന്നതിന് കഷ്ടിച്ചു ആവശ്യമായും ഉള്ള കൂലിപോലും ഇന്നു കിട്ടുന്നില്ല. ഈ രണ്ടു ഭാഗക്കാർക്കും അമിതമായ ലാഭം ഉണ്ടാക്കുന്നതിനു അവസരം നൽകാതെ ആ വക ജോലികൾക്ക് പരസ്പരസഹായ സംഘങ്ങൾ മുഖേന നടത്തുകയാണെങ്കിൽ ഈ വ്യവസായം ഇനിയും അഭിവൃദ്ധിപ്പെടാൻ സാധിക്കും. അതുമൂലം തൊണ്ടടിക്കുന്നവർക്കും കയർ പിരിക്കുന്നവർക്കും കയർ ഫാക്ടറി തൊഴിലാളികൾക്കും കൂടുതൽ ആദായവും പ്രോത്സാഹനവും ഉണ്ടാകും. അതുകൊണ്ട് അതിനു ആവശ്യമായ നടപടികൾ ഗവൺമെന്റ് ഉടനെ എടുക്കണം.

*(തുടരും...)*



# കയർമേഖല: പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ വേണം: പി.പി. ചിത്തരഞ്ജൻ എം.എൽ.എ



**കോ**വിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കയർ മേഖലയും അനുബന്ധ വ്യവസായങ്ങളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് പി.പി. ചിത്തരഞ്ജൻ എം.എൽ.എ. ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച് നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒന്നാം പിണറായി സർക്കാർ കേരളത്തിന്റെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന്റെ സമൂലമായ ഉന്നമനത്തിനായി അനുവദിച്ച പദ്ധതികൾ ഈ വ്യവസായത്തിൽ വലിയമാറ്റമാണ് ഉണ്ടാക്കിയത്. ചകിരി ഉല്പാദനം പൂർണമായും സംസ്ഥാനത്ത് അപ്രത്യക്ഷമായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ചകിരി എടുക്കേണ്ട ഗതിയിലായിരുന്നു കേരളം.

വ്യവസായമാകെ തമിഴ്നാട്ടിലേക്ക് പറിച്ചുമാറ്റപ്പെടുന്ന ഒരു സാഹചര്യമാണുണ്ടായിരുന്നത്. എന്നാൽ ഈ പരമ്പരാഗത മേഖലയ്ക്ക് സമഗ്രമായ സംരക്ഷണവും വ്യവസായത്തിന്റെ ആധുനികവത്കരണവും ഈ ദിശയിലേക്കുള്ള പ്രവർത്തനവും ഒന്നാം പിണറായി സർക്കാർ നടപ്പിലാക്കിയതിന്റെ ഫലം ഉണ്ടായി. പൂർണമായും അന്യംനിന്നുപോയ ചകിരി ഉത്പാദനത്തെ മൂന്നിരട്ടിയായി വർദ്ധിപ്പിക്കുവാൻ ചകിരി മില്ലുകളുടെ എണ്ണം 50 ൽ നിന്നും 174 ആയി ഉയർത്തുവാൻ ആ ഗവൺമെന്റിന് കഴിഞ്ഞിരുന്നു.

കയർ മേഖലക്കുവേണ്ട ചകിരിയുടെ രണ്ടരശതമാനം മാത്രമാണ് കേരളത്തിനകത്തുള്ള മില്ലുകളിൽ നിന്നും നമുക്ക് കിട്ടികൊണ്ടിരുന്നത്. ഇത് ആ ഗവൺമെന്റിന്റെ കാലത്ത് 32 ശതമാനമാക്കി ഉയർത്തുവാൻ കഴിയുന്നതാക്കി. കയർ ഉത്പാദനം 2015–16 കാലഘട്ടത്തിൽ 7880 ടണ്ണായിരുന്നുവെങ്കിൽ 2020–21 ൽ അത് 26500 ടണ്ണായി ഉയർന്നു. ഉത്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ വന്നു. 2011–16 കാലത്ത് കയർ

കോർപ്പറേഷൻ വഴി സംഭരിച്ചത് 399 കോടിയുടെ ഉത്പന്നങ്ങളായിരുന്നു എങ്കിൽ 2016-2021ൽ പിണറായി സർക്കാറിന്റെ കാലത്ത് 732 കോടി രൂപയാണ് സംഭരണം. അതായത് 32 ശതമാനം വർദ്ധനയാണ് ഉണ്ടായത്.

കയർ ഭൂവസ്ത്ര നിർമ്മാണത്തിന്റെ കാര്യത്തിലും 60ശതമാനം വർദ്ധന ഉണ്ടാക്കുവാൻ കഴിഞ്ഞു. ഇതിന്റെയെല്ലാം ഫലമായി തൊഴിൽ ദിനത്തിൽ തന്നെ അഞ്ച് മടങ്ങ് വർദ്ധനവ് ഉണ്ടാക്കുവാൻ ഒന്നാം പിണറായി ഗവൺമെന്റിനു കഴിഞ്ഞിരുന്നു. 2015-16 കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് 11,02,500 തൊഴിൽ ദിനങ്ങളായിരുന്നു സൃഷ്ടിച്ചിരുന്നെങ്കിൽ അത് അഞ്ചിരട്ടിയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഒന്നാം പിണറായി ഗവൺമെന്റ് 53,93,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഇന്ന് കോവിഡിന്റെ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ നമ്മുടെ എല്ലാ മേഖലകളും നേരിടുന്ന പ്രതിസന്ധി പോലെയാണ് കയർ മേഖലയിലും നേരിട്ടുകൊണ്ടിരിക്കുന്നത്. ഇന്ന് ഏകദേശം ഒരു ലക്ഷത്തോളം വരുന്ന കയർ തൊഴിലാളികൾ വലിയ പ്രയാസത്തെ അഭിമുഖീകരിക്കുന്ന സാഹചര്യത്തിലേക്ക് വരികയാണ്. വീടുകളിൽ ചകിരി വാങ്ങി കയർ പിരിക്കുന്ന തൊഴിലാളികളും സഹകരണസംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുമായി ഏകദേശം 75,000 തൊഴിലാളികൾ ഉണ്ട്. കയർ പിരി സഹകരണ സംഘങ്ങളിലും അല്ലാതെയും നിരവധി തൊഴിലാളികൾ ഉണ്ട്.

നമ്മുടെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറും സംഭരിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. സഹകരണ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ കയർഫെഡ് വഴി സംഭരിച്ച് ഓണത്തിന് മുൻപ് വില നൽകുവാൻ നടപടികൾ സ്വീകരിക്കണം. രണ്ടാം കയർ പുനർസംഘടന പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച എ.എസ്.എമ്മിൽ ഉത്പാദിപ്പിക്കുന്ന കയർ കെട്ടിക്കിടക്കുകയാണ്. ഈ കയർ വാങ്ങുന്നതിനുള്ള അടിയന്തര നടപടികൾ ഉണ്ടാക്കണം അതുപോലെ ചെറുകിട തടുക്ക് ഉത്പാദകരുടെ ഉത്പന്നങ്ങൾ സംഭരിക്കുവാൻ കഴിയുന്നില്ല. അത് ഉത്പാദിപ്പിച്ച് വീടുകളിൽ തന്നെ വിൽക്കുകയാണ്. ഓണം വരുകയാണ്, ഓണം പ്രമാണിച്ച് കയർ തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സംഭരിച്ച് അതിനുള്ള വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പി.പി ചിത്തരഞ്ജൻ എം.എൽ.എ നിയമസഭയിൽ സർക്കാരിനോട് ആവശ്യപ്പെട്ടു. തുടർന്ന് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് വ്യവസായ-നിയമ-കയർ വകുപ്പ് മന്ത്രി പി.രാജീവ് മറുപടിപറഞ്ഞു.



# കയർ വിപണിയിൽ സർക്കാർ ഇടപെടും: മന്ത്രി പി. രാജീവ്

സംസ്ഥാനത്ത്ഉത്പാദിപ്പിക്കുന്നമുഴുവൻകയറിനും വിപണി കണ്ടെത്തുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തുമെന്ന് മന്ത്രി പി. രാജീവ് നിയമസഭയിൽ അറിയിച്ചു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കയർമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ആലപ്പുഴ എം.എൽ.എ. പി.പി. ചിത്തരഞ്ജൻ നിയമസഭയിൽ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിനു മറുപടി പറയുകയായിരുന്നു മന്ത്രി.

കയർ മേഖലയിലെ പ്രശ്നങ്ങൾ സർക്കാർ വളരെ ഗൗരവമായാണ് കാണുന്നത്. കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർ രംഗത്ത് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർ പുനഃസംഘടന ഈ സർക്കാർ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകുകയാണ്. നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി കയർവ്യവസായ മേഖലയെ യന്ത്രവത്കരണത്തിലൂടെ ആധുനികവത്ക്കരിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ വിപണിവിപുലീകരിക്കുന്നതിനുംപുതിയഉത്പന്നങ്ങൾ



സംസ്ഥാനത്ത് ഇന്ന് ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറിനും വിപണി കണ്ടെത്തുന്നതിന് കയർ ഭൂവസ്ത്രം പദ്ധതിക്ക് പ്രധാന സ്ഥാനമുണ്ട്. എം.എൻ. ആർ.ഇ.ജി.എയും കയർ വികസനവകുപ്പും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 121 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. എന്നാൽ കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലുള്ള പരിമിതി കയർ ഭൂവസ്ത്രം സമയബന്ധിതമായി പൂർത്തീയാക്കുവാൻ തടസമായി നിൽക്കുകയാണ് കയർ തൊഴിലാളികൾക്ക് പരമാവധി സഹായങ്ങൾ എത്തിക്കുന്നതിൽ സർക്കാർ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധിബോർഡ് വഴി കയർ തൊഴിലാളികൾക്ക് 1000 രൂപ വീതം സഹായം നൽകുന്നതിന് ആദ്യം 13 കോടി രൂപയും പിന്നീട് 11 കോടി രൂപയും അനുവദിച്ചിട്ടുണ്ട് സംഘങ്ങൾക്ക് പി.എം.ഐ അനുവദിച്ചിട്ടുണ്ട്. എം.ഡി.എ. സംസ്ഥാന വിഹിതം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ കയർ സംഭരിക്കുന്നതിന് ആവശ്യമായ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗതരീതിയിൽ ഉത്പാദിപ്പിക്കുന്ന കയർ, ഉത്പന്ന മേഖലയിൽ വിൽക്കുന്നതിന് 15 ശതമാനം ശരാശരി സബ്സിഡി അനുവദിച്ചു നൽകുന്നുണ്ട്.

ഇങ്ങനെ കയർ മേഖലയിലെ തൊഴിലാളികൾക്ക് വലിയ ആശ്വാസം നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഓണക്കാലത്തിനു മുൻപ് എല്ലാ തുകയും തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതാണെന്നും മന്ത്രി നിയമസഭയിലുറപ്പു നൽകി. തൊഴിലാളികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ മുന്നോട്ട് പോകുവാനുള്ള പരമാവധി സാഹചര്യം ഒരുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കെട്ടികിടക്കുന്ന കയർ ഉത്പന്നങ്ങൾ സംഭരിക്കാനുള്ള ഉത്തരവ് നല്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

വിപണിയിലെത്തിക്കുന്നതിനും സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. കേരളത്തിലെ കയർ വ്യവസായത്തിന്റെ ഭാവി ചകിരി ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത് 2011-15 സംസ്ഥാനത്ത് 1000 മുതൽ 4000 തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 50 ഡീഫൈബറിംഗ് മില്ലുകളാണ് ഉണ്ടായിരുന്നത്. എന്നാൽ 2020ൽ 124 പുതിയ മില്ലുകളാണ് ആരംഭിച്ചത്. അതിന്റെ ഫലമായി ഇപ്പോൾ ചകിരി ഉത്പാദനം 32 ശതമാനം വർദ്ധിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാർ അധികാരമേൽക്കുന്ന 2016 ൽ ഒരു കയർ തൊഴിലാളിയുടെ വാർഷികവരുമാനം കേവലം 13,500 രൂപ മാത്രമായിരുന്നു. എന്നാൽ 2020-21 ൽ തൊഴിലാളിക്ക് ലഭിക്കുന്ന വാർഷികവരുമാനം 49,000 രൂപയാണ്. അത് 60,000 രൂപയായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. കയറും കയർ ഉത്പന്നങ്ങളും സംഭരിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.







കഥ

# മഞ്ഞുമറയിലെ അശ്രുബിന്ദുക്കൾ



**ജോഷി എബ്രഹാം,**
**വൈസ് പ്രസിഡന്റ്,**
**കയർഫെഡ്**

**ഓം** നമഃ ശിവായ... തെക്കോട്ടു നോക്കി മന്ത്രാക്ഷരങ്ങൾ... വൃത്തിയായും ഭംഗിയായും സംവത്സര ശ്രാദ്ധം. അക്ഷരപ്പൂക്കൾ കൊണ്ടുള്ള ആത്മതർപ്പണം... സൂര്യനെ നോക്കി, ഭൂമിയെ നോക്കി, കുടുംബത്തെ നോക്കി, കടലിനെ നോക്കി, മന്ത്രാക്ഷരങ്ങൾ... മഹാദേവന്റെ പാദസ്പർശിയായി നിൽക്കുന്ന പിതാമഹന്റെ ആത്മഗതം... കൗമാരത്തിൽ പറയാതെ പോയത്...

ബാല്യവും കൗമാരവും യൗവനവും കരുതലായി സമ്മാനിച്ച അനുഭവങ്ങളുടെ അശ്രുബിന്ദുക്കളാണ് അക്ഷരപ്പൂക്കൾ...

ശ്രാദ്ധവും ബലിയും ഹാർദ്ദമായി സ്വീകരിക്കുന്നു. അനുഗ്രഹിക്കുന്നു... അക്ഷരപ്പൂക്കളെ തേടി സംവത്സരങ്ങൾ എത്തും. ഇനിയും ഭൂമിയിൽ നിനക്കു ജന്മം നൽകും. ഭൂമിയിലെ തനിയാവർത്തനങ്ങളിൽ നമ്മൾ ഉണ്ടാവും. അമ്മയുടെ ഓർമ്മപ്പെടുത്തലുകളും പുല്ലാങ്കുഴൽ നാദവും നേർവഴിക്കുള്ള യാത്രകളും ലക്ഷ്യങ്ങളും സാഗരങ്ങളെ പോലും വഴിമാറ്റും...

മനസിന്റെ നാലകത്ത് നെയ്‌വിളക്കായ് കെടാതെ സൂക്ഷിച്ചതും സംരക്ഷിച്ചതും നിന്റെ അമ്മയാണ്. പിടിവിട്ട് അകന്നപ്പോളും മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാൻ പഠിപ്പിച്ചതും അമ്മ തന്നെയാണ്.

ഇഹലോകത്തെന്നപോലെ പരലോകത്തും ഋഷിവര്യനായ പരാശര മുനിയുടെ ഭക്തനാണ് ഞാൻ. മുനിക്ക് സത്യവതിയിൽ വേദവ്യാസൻ ജനിക്കാനിടയായത് ഹിമവാനെ വിളിച്ചു വരുത്തി സൃഷ്ടിച്ച മഞ്ഞുമറയുടെ മറവിലാണ്. നിന്റെ ജനനത്തിനും തുടക്കമായത് ഒരു കോടമഞ്ഞിന്റെ മറയിലാണ്. ഹിമവാന്റെ പ്രണയസമ്മാനം. പരാശര മുനിയോടും വേദവാസ്യനോടുമുള്ള അടങ്ങാത്ത ആരാധനയാണ് ഹിമയെന്ന വാക്കിലേക്ക് എത്തിച്ചത്.

കൈരളിയുടെ ഭാവങ്ങളും ഗ്രാമത്തിന്റെ തനിമയും കൂട്ടിച്ചേർത്തത് അമ്മയാണ്. അങ്ങനെ നീ ഹേമലതയായി.

അറിവിന്റെ നാലക്ഷരത്തിലെത്തിച്ചത് പരാശരമുനിയാണ്, വേദവ്യാസനാണ്, മഹാഭാരതമാണ്. ഋഷിവര്യരായ മഹർഷിമാരുടെയും ഹിമവാന്റെയും അമ്മയുടെയും അനുഗ്രഹങ്ങളും കൃപയും നിന്നോടൊപ്പമുണ്ട്. കഥ പറയാനും കഥാപാത്രങ്ങളെ സൃഷ്ടിക്കാനും നിനക്കു കഴിയും. സാമൂഹ്യ പരിച്ഛേദങ്ങളും, യാഥാർത്ഥ്യങ്ങളും, സാഹിത്യവും സ്വപ്നങ്ങളും നിന്റെ തൂലികയിൽ തെളിയും.

പഞ്ചവർണ്ണക്കുതിരയുടെ കുളമ്പടി ഇന്നും കേൾക്കുന്നില്ലേ? കോളനി വാഴ്ചയുടേയും വർണ മേധാവിത്തത്വത്തിന്റെയും ഇരുണ്ട നാളുകളിൽ സമ്പത്ത് വാരിക്കൂട്ടിയവരുടെ ഇന്നും തുടരുന്ന പടയോട്ടത്തിന്റെ നിലയ്ക്കാത്ത കുളമ്പടി ശബ്ദം, നിന്നെ ഉദ്വേഗഭരിതയാക്കേണ്ടതുണ്ട്. നാലാമത്തെയും അഞ്ചാമത്തെയും വർണ്ണങ്ങളുടെ നിലവിളിയുടെ ശബ്ദവും ഏറിവരുന്നു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന സാമ്പത്തിക മേധാവിത്വത്തിനെതിരായ പ്രതിഷേധശബ്ദവും. മനുഷ്യരായി പോലും പരിഗണിക്കപ്പെടാത്ത അഞ്ചാമത്തെ വർണ്ണം. മഹാഭൂരിപക്ഷം വരുന്ന ഈ രണ്ടു വർണ്ണങ്ങളുടെ സ്വപ്നസാക്ഷാത്കാരമാണ്. സ്വർണ്ണമുടിയുള്ള വെളുത്ത രാജകുമാരി. സ്വപ്നങ്ങളിലെ നക്ഷത്രങ്ങളിൽ പറന്ന് ചെന്ന് മുത്തും പവിഴവും വാരി സ്വപ്നഭണ്ഡാരം നിറച്ച്, ഈ വർണ്ണങ്ങളുടെ രോദനങ്ങൾ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നവൾ, നിലവിളിയുടെ ശബ്ദവും ഗതിവേഗവും കുറയ്ക്കുവാൻ നിയോഗിക്കപ്പെട്ടവൾ...

പട്ടിണിയും നിരക്ഷരതയും ഇല്ലായ്മ ചെയ്യുവാൻ മുത്തുകൾക്കും പവിഴങ്ങൾക്കും മാത്രമേ കഴിയൂ. സ്വർണ നിറമുള്ള കുഞ്ചിരോമങ്ങൾ യുഗാന്തരങ്ങളായി നമ്മുടെ കൈവശമുള്ള സംസ്കാര സമ്പന്നതയെയാണ് ഓർമ്മപ്പെടുത്തുന്നത്. ഗീതോപദേശം പഠിക്കുകയും പഠിപ്പിക്കുകയും വേണം. ധർമ്മോപദേശമാണ് മുഖ്യം. ചരിത്രങ്ങളെ സാക്ഷി നിർത്തി ബോദ്ധ്യപ്പെട്ടതെല്ലാം മുന്നോട്ടുള്ള യാത്ര സുഗമമാക്കാനും ലക്ഷ്യത്തിലെത്താനും ഉപകരിക്കും. അതു തന്നെയാണ് ശരിയായ രീതിയും... അതുകൊണ്ടു തന്നെയാണ് ഓർമ്മകൾ. നിന്നിൽ നിറസാന്നിദ്ധ്യമാകുന്നതും അനന്ത വിഹായസിൽ പറക്കാൻ നിനക്കു ധൈര്യം കിട്ടുന്നതും. വീണ്ടും ഉയരത്തിൽ എത്താനും കൂടുതൽ ഉയരത്തിൽ പറക്കാനും നിനക്കു കഴിയും.

# നിറഞ്ഞ കണ്ണുകൾ



ഓടി വന്ന അമ്മ നിറഞ്ഞ കണ്ണുമായി
മകനെ നിനക്കു എന്തുണ്ടു വിശേഷം
എത്രദിവസമായി ഞാൻ നിന്നെ-
ഒരുനോക്കു കാണുവാനായി
കാത്തിരിക്കുന്നു മകനെ
നിനക്കു എന്തുണ്ടു വിശേഷം
എന്തിനാണു മമ മകനെ
സമരത്തിനു പോയതു
എനിക്കാരാണു ഉള്ളതു
മകനെ നീ മറന്നുപോയോ?
മകനെ അമ്മക്കു ഉറങ്ങാൻ
കഴിഞ്ഞില്ല നിന്നെ കാണാതിരുന്നി
ട്ടെന്റെ പൊന്നുമോനെ
നമ്മുടെ താപങ്ങൾ ദുരിതവും
ലോകരുടെതാണന്നു അറിയാഞ്ഞി
ട്ടല്ലഅമ്മക്കു സങ്കടം മകനെ
നീയാണെൻപ്രതീക്ഷയും
പ്രചോദനവും അതെന്റെ
ജീവിത സങ്കൽപ്പമാണ്.
ഒത്തിരിപേർ ചത്തു വീണിട്ടു
മാറിയോഈലോകം നീകാണുന്നില്ലേ
മാറുമായിരിക്കാംതാപങ്ങൾ എങ്കിലും മകനെ
എനിക്കു നീയാണുള്ളത്.
വിഭാവോന്നതി നേടുവാനായി
പോരാടൻ ഇറങ്ങിയവർ
പോയിതുലഞ്ഞില്ലെഒട്ടുപേർ
ആവഴി ചിന്തിക്കൂ എൻ
മകൻ നമുക്കൊരുജീവി-
തമുണ്ടതുമറക്കേണ്ട കേട്ടോ
ജീവിതമില്ലങ്കിലെ
എന്തിനാണ് മാറ്റം
അതു നീ ചിന്തിച്ചു ഉറച്ചതാണോ
മാറ്റത്തിനായി പോകും നീ
ഒരുകുറിവേണ്ടായിരുന്നെന്നു
പറഞ്ഞിടാൻ തുനിയരുതു
അതു ഞാൻ പറയുന്നു മകനെ
അകതാരിൽ  പലതുകണ്ട-
തുകൊണ്ടാണ് മാറ്റം നല്ലതാണ്.
അതുവേണ്ടതാണ്
അതിനായി പുറപ്പെടുന്ന
വരുടെ മഹിതം ജീവിതം
നഷ്ടമായാൽ അവരെ ഓർത്തു
കേഴുന്നവർ വിരളമാണന്നമ്മ
പറയുമതിമോഹമെങ്കിലും
മകനെ നിന്നെ തടയാ-
നൊരുമ്പെടുന്നില്ലനിൻ അമ്മ



വി.എസ്.മണി
എക്സിക്യൂട്ടീവ് ഡയറക്ടർ
കയർഫെഡ്

എങ്കിലുമദ്ഗതം പറയുന്ന
മകനെ നിന്റെ പരകാര്യവരൻ
ശരിതന്നെ എങ്കിലും
ചിന്തിച്ചു ഉറപ്പിക്കൂ
നീ പിന്നെ അശ്രു നിവാസം
വേണ്ടതില്ല
മാറ്റം വേണമെന്നതു ലോകലക്ഷ്യം
മാറ്റം വരും എന്നതു നിത്യ നിയതം
അതുതന്നെയാണു വേണ്ടതെന്ന
സത്യം അമ്മ മറക്കില്ല
മകനെ നിന്നെ തട
ഞ്ഞില്ല ഞാനിപ്പോഴും

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Ahmedabad | 09028073347 | 079-22122858 | |
| 24 | Ajmeer | 08769233721 | 0145-2620607 | |
| 25 | Amaravathy | 09421739326 | 0721-2576304 | |
| 26 | Amritsar | 09958272064 | 0183-2557747 | |
| 27 | Bhavanagar | 9497757231 | 0278-2516620 | |
| 28 | Bhopal | 09303964488 | 0755-2745923 | |
| 29 | Calcutta | 09163342270 | 033-22353029 | |
| 30 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 31 | Delhi I | 09958272064 | 011-22544026 | |
| 32 | Delhi II | 09958272064 | | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Trichy | 09750125580 | 09750125580 | |
| 45 | Pandurna | 09422857737 | 0716-4220183 | |
| 46 | Chapra | 09939066693 | 08986369244 | |
| 47 | Warud | 09421739326 | 0722-9234223 | |





# കയർഫെഡ് സൂററ്റ് ഷോറൂം ഉദ്ഘാടനം

**ക**യർഫെഡിന്റെ ഗുജറാത്തിലെ സൂററ്റിലുള്ള നവീകരിച്ച സ്വന്തം ഷോറൂം വ്യവസായ നിയമ കയർ മന്ത്രി പി.രാജീവ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

ഇന്ത്യയിലെ ഏറ്റവും പ്രധാന വാണിജ്യ സംസ്ഥാനമായ ഗുജറാത്തിൽ നാല് ഷോറൂമുകളാണ് കയർഫെഡിനുള്ളത്. ഇതിൽ രണ്ടെണ്ണം കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കയറിനും, കയർ ഉത്പന്നങ്ങൾക്കും ഏറെ സ്വീകാര്യതയുള്ള മാർക്കറ്റാണ് ഗുജറാത്ത്. വജ്രനഗരമെന്ന് അറിയപ്പെടുന്ന സൂററ്റിന്റെ ഹൃദയഭാഗത്ത് നാൻപുര എന്ന സ്ഥലത്ത് 1986-ലാണ് കയർഫെഡിന്റെ സൂററ്റ് ഷോറൂം പ്രവർത്തനം ആരംഭിച്ചത്. 700 സ്ക്വയർ ഫീറ്റ് ലാന്റ് ഏരിയയിൽ ആകെ 3 നിലകളിലായി 2100 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടമാണ് കയർഫെഡിന് സ്വന്തമായുള്ളത്.

ഉദ്ഘാടന ചടങ്ങിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷത വഹിച്ചു. അപക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി, കയർ സ്പെഷ്യൽ ഓഫീസർ എൻ. പത്മകുമാർ, കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ എസ്.എൽ. സജികുമാർ, വി.എസ്. മണി, മാനേജിംഗ് ഡയറക്ടർ സി. സുരേഷ്കുമാർ, ജനറൽ മാനേജർ ബി. സുനിൽ, മാർക്കറ്റിംഗ് മാനേജർ അനുരാജ്.എം എന്നിവർ സംസാരിച്ചു.



# കയറിന്റെ സംഭരണത്തിലും വിപണനത്തിലും കയർഫെഡിന് നിർണ്ണായക പങ്ക്: മന്ത്രി പി. രാജീവ്

**ക**യർഫെഡ് കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും സംഭരണത്തിലും വിപണനത്തിലും ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന സ്ഥാപനമാണെന്ന് വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് പറഞ്ഞു കയർഫെഡിന്റെ ഗുജറാത്തിലുള്ള നവീകരിച്ച സ്യൂറ്റ് ഷോറൂം ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒന്നാം പിണറായി സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടനാ പദ്ധതി ഇച്ഛാശക്തിയോടുകൂടി നടപ്പിലാക്കുന്നതിനും കയർമേഖല ആധുനീകരിക്കുന്നതിനും നവീകരിക്കുന്നതിനും കയർഫെഡ് വലിയ സംഭാവനയാണ് നൽകിയിട്ടുള്ളത്. കയർ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആധുനിക രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ടെന്നും അതിനായി പ്രവർത്തിക്കുന്നതിന് നേതൃത്വം നൽകുന്ന കയർഫെഡ് ചെയർമാൻ ഭരണസമിതി, ഉദ്യോഗസ്ഥർ എന്നിവരെ അഭിനന്ദിക്കുന്നു.

കയർഫെഡിന്റെ 4 ഷോറൂമുകൾ ഗുജറാത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതുപോലെ രാജസ്ഥാനിലും മറ്റ് സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. കയർ ഉത്പന്നങ്ങൾക്ക് ഇന്നും നല്ല നിലയിൽ വിപണി ഉണ്ട്. പ്രത്യേകിച്ച് പരമ്പരാഗത ഉത്പന്നങ്ങൾക്ക് വലിയ തോതിലുള്ള സ്വീകാര്യത ലോകമൊട്ടാകെ ഉയർന്നു വരുന്ന ഒരു കാലഘട്ടമാണ്. ഇത് മനസിലാക്കിയാണ് കയർഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

നല്ല രീതിയിൽ കയർ ഉത്പന്നങ്ങൾ നിർമ്മിച്ചു വിപണിയിൽ എത്തിക്കുകയും ആധുനിക രീതിയിൽ സമൂഹം ആവശ്യപ്പെടുന്ന വൈവിധ്യമാർന്ന ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത് അത്യാവശ്യമാണ്. അതിനുള്ള പരിശ്രമങ്ങളുമായി മുന്നോട്ട് പോകേണ്ടതുണ്ട്. കയർഫെഡ് ചെയർമാൻ സൂചിപ്പിച്ചതുപോലെ കൊല്ലത്ത് ഉത്പാദിപ്പിക്കുന്ന മങ്ങാടൻ കയറിന് ഗുജറാത്തിൽ നല്ല വിപണി ഉണ്ടെന്നുള്ളത് കണ്ടുകൊണ്ട് അത്തരം വിപണി വഴി ഇവിടുത്തെ ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ കഴിയുന്നതാണ്. എല്ലാ കാലത്തും സർക്കാരിനെ മാത്രം ആശ്രയിച്ച് മുന്നോട്ടു പോകുവാൻ കഴിയില്ല, സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. ഏതു പ്രതിസന്ധിയും തരണം ചെയ്തുകൊണ്ട് ഓരോ സ്ഥാപനങ്ങളും സാധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്തി മുന്നോട്ട് പോകുന്നു എന്നുള്ളതാണ് പരമപ്രധാനം.

ഇന്നത്തെ സാഹചര്യത്തിൽ കോവിഡ് മഹാമാരി, പ്രകൃതി ദുരന്തം ഇതെല്ലാം മൂലം പാരിസ്ഥിതികാവബോധവും ചിന്തയും ഉയർന്നുവരുകയാണ്. ഇത് മൂലം പരമ്പരാഗത ഉത്പന്നങ്ങളോടുള്ള താത്പര്യം വർദ്ധിച്ചുവരുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. ലോകത്താകമാനം ഓർഗാനിക് ഉത്പന്നങ്ങൾക്ക് പ്രിയമേറിവരുന്ന സാഹചര്യം രൂപപ്പെട്ടുവരുകയാണ്. ഈ സാഹചര്യം മനസിലാക്കി ഇങ്ങനെ രൂപപ്പെട്ടുവരുന്ന വിപണിയെ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇപ്പോൾ കയർഫെഡിന്റെ ഗുജറാത്തിൽ നവീകരിച്ച് പ്രവർത്തനം ആരംഭിക്കുന്ന ഷോറൂം ലാഭത്തിൽ പ്രവർത്തിക്കുന്നതായി മാറേണ്ടതുണ്ട്. ഒരു പുതിയ ഷോറൂം ആരംഭിച്ച് നഷ്ടം ഉണ്ടാകുന്നതായി മാറുന്നത് അംഗീകരിക്കുവാൻ കഴിയില്ല. ഈ ഷോറൂം തനതായ ലാഭത്തിൽ പ്രവർത്തിക്കുന്നതായി മാറണം. അതിനാവശ്യമായ പ്രചോദനം ഇതിന്റെ ചുമതലക്കാരായ ഉദ്യോഗസ്ഥർക്ക് ഉണ്ടാകണം.

ഏറ്റവും മികച്ച രീതിയിൽ ലാഭമുണ്ടാക്കുന്ന ഒരു ഷോറൂമായി കയർഫെഡിന്റെ ഇന്ന് ആരംഭിക്കുന്ന ഷോറൂം മാറട്ടെയെന്ന് ആശംസിച്ചുകൊണ്ട് മന്ത്രി പി. രാജീവ് കയർഫെഡിന്റെ ഷോറൂം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ സായ്കുമാർ അദ്ധ്യക്ഷത വഹിച്ചു.



# കയർഫെഡിന്റെ പരിശ്രമങ്ങൾ അഭിനന്ദനീയം: ആനത്തലവട്ടം ആനന്ദൻ

കയർഫെഡിന്റെ സൂററ്റ് ഷോറൂം ഉദ്ഘാടനത്തോടനുബന്ധിച്ച് മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു കയർ അപക്സ് ബോഡി വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ. കയർ വ്യവസായത്തിന്റെ നിലനില്പും അഭിവൃദ്ധിയും സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന മന്ത്രിയാണ് കയർഫെഡിന്റെ ഷോറൂം ഉദ്ഘാടനം ചെയ്ത പി. രാജീവ്.

കയർ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട മാർക്കറ്റ് കണ്ടെത്തുവാനും ഈ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും നല്ല പരിശ്രമം വേണ്ടിവരും. ആധുനിക ഇലക്ട്രോണിക് യുഗത്തിൽ വ്യവസായം എന്ന് പറഞ്ഞാൽ പരമ്പരാഗത വ്യവസായവും അതിൽ പണിയെടുക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികളും ചിത്രത്തിലില്ല എന്ന അവസ്ഥ നിലനിൽക്കുന്ന കാലത്താണ് കയർഫെഡിന്റെ ഷോറൂം ഉദ്ഘാടനം ചെയ്യപ്പെടുന്നത് എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.

വ്യവസായമെന്നത് ആധുനിക വ്യവസായം മാത്രമാണ് എന്നാണ് ഇന്ന് കണക്കാക്കുന്നത്. എന്നാൽ പരമ്പരാഗത വ്യവസായ മേഖലയിൽ ലക്ഷക്കണക്കിനാളുകളാണ് പണിയെടുക്കുന്നത്. ജോലി ഉണ്ടെങ്കിൽ മാത്രം കൂലി എന്ന അവസ്ഥയിലാണ്. ഇവരുടെ ജീവിതം. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് ഇവർക്ക് തൊഴിൽ ലഭിക്കുന്നത്. തൊഴിൽ ലഭിക്കാത്ത ദിവസങ്ങളിൽ കൂലി ലഭിക്കാതെ ഉപജീവനം വഴിമുട്ടിയ ഒരു വിഭാഗമാണ് പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ. ഈ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്തുകൊണ്ട് ഈ നാടിനെ രക്ഷിക്കാൻ ജീവിതം ഹോമിച്ചവരാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതാണ്.

ഈ തൊഴിലാളികളുടെ അധ്വാനത്തിന്റെ ഫലമായാണ്നമ്മുടെ രാജ്യത്തിന് വിദേശനാണ്യം നേടിതരുന്നത്. പരമ്പരാഗത തൊഴിലാളികൾ ആധുനിക കാലഘട്ടത്തിലെ സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ഇല്ലാതെ അവശരായി കഴിയുന്ന സ്ഥിതിയുണ്ട് എന്ന കാര്യം സമൂഹം മനസിലാക്കുകയും ആ പരിമിതികൾക്ക് ഉള്ളിൽ നിന്നുക്കൊണ്ട് അവരെ ജീവിതാവസാനം വരെ സംരക്ഷിക്കാനുള്ള ബാദ്ധ്യത സമൂഹത്തിന് ഉണ്ട് എന്ന കാര്യവും മറക്കരുത്. കേരളത്തിൽ ഈ വിഭാഗത്തിന് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകി അവരെ സംരക്ഷിക്കുന്നുണ്ട്. എന്നാൽ പെൻഷന് അർഹത നേടുന്നതുവരെ ജീവിക്കുവാൻ അവർക്ക് തൊഴിൽ ഉണ്ടെങ്കിൽ മാത്രമേ സാധ്യമാകൂ. ഈ പരമ്പരാഗത തൊഴിലാളികൾക്ക് സാങ്കേതിക വിദ്യയിലൂടെ തൊഴിൽ ചെയ്യുവാൻ അറിയില്ല. പരമ്പരാഗത മേഖലയിൽ പരിമിതമായ സാങ്കേതിക വിദ്യകൊണ്ടു വരുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കുറെയൊക്കെ അക്കാര്യത്തിൽ വിജയിച്ചിട്ടുണ്ടെങ്കിലും പരിപൂർണമായി വിജയിച്ചിട്ടില്ല.

സാങ്കേതിക വിദ്യകൊണ്ടുവന്ന് തൊഴിലാളിക്ക് അതിന് അനുസരണമായ സൗകര്യങ്ങൾ കൊണ്ടുവന്ന് ഇവരെകൂടി സഹായിക്കുമെന്നും അതിന് പുതിയ സർക്കാരും മന്ത്രിയും പരിശ്രമിക്കുന്നുണ്ടെന്നുമാണ് കാണാൻ കഴിയുന്നത്. ഈ വിഭാഗം തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ അന്യസംസ്ഥാനത്തെ മാർക്കറ്റിൽ വിറ്റഴിക്കുന്നതിനുള്ള ഒരു ഏജൻസിയായാണ് ഈ ഷോറൂം പ്രവർത്തിക്കുന്നത്. ആ ഷോറൂം നവീകരിക്കാനും മെച്ചപ്പെടുത്താനും മാർക്കറ്റ് വികസിപ്പിക്കുവാനും കയർഫെഡ് നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും. ആശംസകളും അഭിനന്ദനങ്ങളും നേരുന്നതായി അദ്ദേഹം പറഞ്ഞു.

## അഡ്വ. എൻ. സായികുമാർ

**ക**യർഫെഡ് സൂറത്ത് ഷോറൂമിന്റെ ഉദ്ഘാടന ചടങ്ങിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ അദ്ധ്യക്ഷ പ്രസംഗം നടത്തി. കയർഫെഡിന് ഗുജറാത്തിൽ 4 ഷോറൂമുകളാണ് ഉള്ളത്. രണ്ടെണ്ണം സൂററ്റിലും അ്ഹമ്മദാബാദ്, ഭാവ നഗറിലുമാണ് അവ പ്രവർത്തിക്കുന്നത്. കയർഫെഡിന്റെ ഷോറൂമുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള പദ്ധതികളാണ് കയർഫെഡ് ഭരണസമിതി തയാറാക്കിയിട്ടുള്ളത് രാജസ്ഥാനിലും മറ്റു സംസ്ഥാനങ്ങളിലും കയർഫെഡിന് സ്വന്തമായി ഷോറൂമുകൾ ഉണ്ട്. കൊല്ലം ജില്ലയിൽ ഉത്പാദിപ്പിക്കുന്ന മങ്ങാടൻ തരം കയറിന് ഏറ്റവും കൂടുതൽ ഡിമാന്റുള്ള സംസ്ഥാനമാണ് ഗുജറാത്ത് എന്നത് പ്രത്യേകം പരമാർശിക്കേണ്ടിരിക്കുന്ന കാര്യമാണ്.

ഈ കയറിന് ഡിസ്ക്കൗണ്ടില്ലാതെ വിറ്റഴിക്കുവാനുള്ള സാധ്യതയാണുള്ളത്. ഇപ്പോൾ നൽകുന്ന അഞ്ചുശതമാനം ഡിസ്കൗണ്ട് താഴ്ത്തിക്കൊണ്ടുവന്ന് ഡിസ്ക്കൗണ്ടില്ലാതെ കയർ വിറ്റഴിക്കുന്നതിനുള്ള പരിശ്രമമാണ് കയർഫെഡ് നടത്തിക്കൊണ്ടിരിക്കുന്നത്. 2009ലെ വെള്ളപ്പൊക്ക സമയത്ത് ഈ കെട്ടിടം തകർന്ന് വീണതാണ്. 1986 ൽ സ്വന്തമായി വിലയ്ക്കുവാങ്ങിയ സ്ഥലവും കെട്ടിടവുമാണ് ഇത്.



സൂററ്റ് നഗരത്തിന്റെ ഹൃദയ ഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്. കയർഫെഡിന്റെ തനത് ഫണ്ടിൽ നിന്നും ഏകദേശം 10 ലക്ഷം രൂപ ചെലവഴിച്ചാണ് ഈ ഷോറൂമിന്റെ നവീകരണം പൂർത്തിയാക്കി നിയമപരമായി എല്ലാ അംഗീകാരവും വാങ്ങികൊണ്ടാണ് ഈ ഷോറൂം ഉദ്ഘാടനം ചെയ്യുന്നത്.

കയർഫെഡിന് കേരളത്തിനകത്ത് 23 ഷോറൂമുകളും കേരളത്തിനു പുറത്ത് 25 ഷോറൂമുകളുമാണ് സ്വന്തമായുള്ളത്. കേരളത്തിന് പുറത്തുള്ള എല്ലാ ഷോറൂമുകളും കയർഫെഡിന്റെ പൂർവികൻമാർ കയർഫെഡിന്റെ ഫണ്ട് ഉപയോഗിച്ച് വിലയക്ക് വാങ്ങിയിട്ടുള്ളതുമാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ വകുപ്പിൽ ആദ്യമായി ഉദ്ഘാടനം ചെയ്യുന്നത് കയർഫെഡിന്റെ ഷോറൂം തന്നെ ആയതിലും അതിന് മന്ത്രി എത്തിയതിലും അതിയായ സന്തോഷമുണ്ടെന്നും കയർഫെഡ് ചെയർമാൻ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

---

## വി. ആർ. വിനോദ് ഐ.എ.എസ്. കയർ വികസന ഡയറക്ടർ



**ക**യർഫെഡിന്റെ നവികരിച്ച ഗുജറാത്തിലെ സൂററ്റ് ഷോറൂമിന് എല്ലാവിധ ആശംസകളും നേരുന്നതായി കയർ വികസനഡയറക്ടർ വി.ആർ. വിനോദ് അഭിപ്രായപ്പെട്ടു. ഇന്ത്യക്കകത്ത് കയറിന് കൂടുതൽ വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ കയർ വികസന വകുപ്പു സ്വീകരിച്ചിട്ടുണ്ട്. സൗകര്യപ്രദമായ കൂടുതൽ ഷോറുമുകൾ വേണം. കയർഫെഡിന്റെ സൂററ്റ് ഷോറൂം കേരള സർക്കാരിന്റെയും കയർവികസന വകുപ്പിന്റെയും ഷോറുമായാണ് കാണുന്നത്. ഇവിടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും മറ്റും സൗകര്യങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

## എൻ. പത്മകുമാർ ഐ.എ.എസ് (റിട്ട.)



സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി കയർഫെഡിന്റെ ഈ ഷോറൂം നല്ല നിലയിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതാണെന്ന് കയർ വികസന വകുപ്പ് സ്പെഷ്യൽ ഓഫീസർ എൻ. പത്മകുമാർ ഐ.എ.എസ്. (റിട്ട.) അഭിപ്രായപ്പെട്ടു. സൂററ്റ് ഷോറുമിന്റെ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കയർഫെഡിന്റെ സൂററ്റ് ഷോറൂം വളരെ മനോഹരമായി തയാറാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഗുജറാത്ത് ഷോറൂം കേന്ദ്രീകരിച്ച് ഒരു മാർക്കറ്റിംഗ് പ്ലാൻ തയ്യാറാക്കി അവിടെയുള്ള പ്രധാന ഫെസ്റ്റിവെൽ പ്രമാണിച്ച് പ്രദർശന വിൽപനശാലകൾ നടത്തുന്നതിന് കയർഫെഡ് പ്രത്യേകം ഊന്നൽ നൽകണം. ഇതുവഴി കയർ ഉത്പന്നങ്ങൾക്കും മറ്റും വലിയ പ്രചാരം മറ്റു സംസ്ഥാനങ്ങളിൽ ലഭിക്കുന്നതിനും സഹായകരമാവുന്നതാണ്. കയർഫെഡിന്റെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നതായി അദ്ദേഹം അറിയിച്ചു.

## എസ്.എൽ. സജികുമാർ



രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെയും സ്വദേശി പ്രസ്ഥാനത്തിന്റെയും നാടായ ഗുജറാത്തിൽ കയർ വ്യവസായത്തിന് അനന്തസാധ്യതകളാണുള്ളതെന്നും അത് പ്രയോജനപ്പെടുത്തുവാൻ കയർഫെഡിന്റെ സൂററ്റ് ഷോറൂമിന് കഴിയട്ടെയെന്നും കയർഫെഡ് മുൻ പ്രസിഡന്റും എക്സിക്യൂട്ടീവ് അംഗവുമായ എസ്.എൽ. സജികുമാർ ആശംസാപ്രസംഗത്തിൽ പറഞ്ഞു.

## വി.എസ്. മണി




തുടർന്ന് കയർഫെഡിന്റെ സൂററ്റ് ഷോറൂം ഉദ്ഘാടനയോഗത്തിൽ എക്സിക്യൂട്ടീവ് അംഗം വി.എസ്. മണി ആശംസാപ്രസംഗം നടത്തി.

### ആദ്യവിൽപ്പന നിർവഹിച്ചു

കയർഫെഡിന്റെ സൂററ്റ് ഷോറൂം ഉദ്ഘാടനത്തോടനുബന്ധിച്ച് ആദ്യവിൽപന സൂററ്റ് കോർപ്പറേഷൻ കൗൺസിലർ അശോക്, ആനന്ദ സിംഗിന് ഉത്പന്നം നൽകി നിർവഹിച്ചു. കയർഫെഡ് മാർക്കറ്റിംഗ് മാനേജർ എം. അനുരാജ്. എസ്. വിനേഷ്, അജു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri.Biswanath Sinha IAS, Principal Secretary, Coir | 0471-2336602 | 9895122282 |
| 2 | Sri.V.R.Vinod IAS, Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar, Special Officer (Coir) | 0471-2322046 | |
| 4 | Sri.K.S Pradeep Kumar, ADCD | 0471-2322046 | 9447811624 |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R, Coir Development Dept. | 0471-2322046 | 9447245611 |
| 8 | Shri.C.Abhishek, Spl. Officer, Coir Dept. | 0471-2322046 | 9895671981 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Smt. Sheela S, IAO & PM | 8281009871 | 9495967161 |
| 4 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 5 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri. Anoop Roy. R.P, QCO | 9388682432 | |
| 11 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 12 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 13 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 14 | Smt. L. Leena, Regional Officer, Alappuzha | 0477-2246272 | 8281009832 |
| 15 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 16 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 17 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 18 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 19 | Sri.BabuVijayanath, Depot Manager, Alappuzha | 8281009872 | 9847222027 |
| 20 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 21 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 22 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 23 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 24 | Shri.Nagappan, Dispatch Supervisor, PVCT Unit | 8330010737 | 8075250903 |
| 25 | Ramla Beevi.H, Central Stores Manager i/c | 0477-2242471 | |





# കാട്ടാക്കടയിലെ ജലസമൃദ്ധി

**ഡോ.ടി.എം.തോമസ് ഐസക്,**
**മുൻ ധന മന്ത്രി**

**എസ്.**എം വിജയാനന്ദുമായി മഹാരാഷ്ട്രയിലെ റാലെഗാൻ സിദ്ധി എന്ന ഗ്രാമം കാണാൻ പോയത് 2007ലോ 2008ലോ ആണെന്നു തോന്നുന്നു. ഈ മഴ നിഴൽ പ്രദേശം വരൾച്ചകൊണ്ടുമാത്രമല്ല, വിഭവ ദുർവിനിയോഗംകൊണ്ടു ദാരിദ്ര്യത്തിന്റെ ഈറ്റില്ലമായിരുന്നു. കൊടുവേനലിലാണ് ഞങ്ങൾ പോയത്. ഗ്രാമത്തെച്ചുറ്റിയുള്ള മൊട്ടകുന്നിൻനിരകൾ കടന്നതോടെ ഒരു ഹരിതലോകത്തേക്കാണു ചെന്നെത്തിയത്. വേനൽക്കാലത്തും ഗ്രാമപ്രദേശം മുഴുവൻ ഹരിതാഭമായിരുന്നു. അരുവിയിൽ അപ്പോഴും വെള്ളമുണ്ടായിരുന്നു. കേരളത്തിന്റെ പത്തിലൊന്ന് പോലും മഴ ലഭിക്കാത്ത ഈ പ്രദേശം രണ്ട് പതിറ്റാണ്ടുകൊണ്ട് ഇങ്ങനെ രൂപാന്തരപ്പെടുത്തിയത് അണ്ണാ ഹസാരെയുടെ നേതൃത്വത്തിലാണ്. കൃത്യമായ നീർത്തടാസൂത്രണം. ഈ ഗ്രാമത്തിന്റെ പേരിലാണ് അണ്ണാ ഹസാരെ രാജ്യത്ത് പ്രസിദ്ധനായത്. ഒരു ദിവസം ഞങ്ങൾ അവിടെ തങ്ങി. ഇതുപോലൊരു നീർത്തടമാതൃക കേരളത്തിലും സൃഷ്ടിക്കണമെന്നു ചിന്തിച്ചുകൊണ്ടാണ് അവിടെ നിന്നും മടങ്ങിയത്.

### കേരളത്തിലും ഒരു റാലെഗാൻ

സന്ദർശനശേഷം വർഷങ്ങളെത്ര കഴിഞ്ഞു. ഇപ്പോഴാണ് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാനാവുമെന്ന് കരുതുന്ന ഒരു നീർത്തടാധിഷ്ഠിത വികസന മാതൃക കേരളത്തിൽ രൂപംകൊള്ളുന്നത്. അതാണ് കാട്ടാക്കട മണ്ഡലത്തിൽ ഐ.ബി. സതീഷ് എം.എൽ.എ യുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജലസമൃദ്ധി പദ്ധതി. തുടക്കമേ ആയിട്ടുള്ളൂ. തുടർച്ചയുണ്ടാകുമെന്ന് ഉറപ്പുണ്ട്. അഞ്ചുവർഷംകൊണ്ട് കേരളത്തിലൊരു റാലെഗാൻ സിദ്ധി സൃഷ്ടിക്കാനാവും.

കാട്ടാക്കടയിലെ ജലസമൃദ്ധി പദ്ധതി ഫലം തന്നു കഴിഞ്ഞു. ഭൂജലവകുപ്പും ദേശീയ ഭൂജല ബോർഡും ചേർന്നു ബ്ലോക്ക് അടിസ്ഥാനത്തിൽ ജലസുരക്ഷയുടെ സൂചകം തയാറാക്കുന്നുണ്ട്. ഭൂഗർഭ ജലവിതാനമാണ് മുഖ്യമായി ആധാരമാക്കുന്നത്. അഞ്ച് വർഷം മുമ്പ് കേരളത്തിലെ 152 ബ്ലോക്കുകളിൽ 130 എണ്ണം ജല സുരക്ഷിത ബ്ലോക്കുകളായിരുന്നു. അമിത ഭൂഗർഭജല വിനിയോഗവും മഴവെള്ള സംഭരണത്തിലുണ്ടായ വീഴ്ചകളും മൂലം ഇത്തരം സുരക്ഷിത ബ്ലോക്കുകളുടെ എണ്ണം 118 ആയി കുറഞ്ഞിരിക്കുകയാണ്. ഇതു സൂചിപ്പിക്കുന്നത് കേരളത്തിലെ ജലചക്രത്തിന്റെ രൂക്ഷമായ തകർച്ചയാണ്. പക്ഷേ, കാട്ടാക്കടയിൽ ഭൂഗർഭജലവിതാനം ഉയർന്നു. ഇത് ഔദ്യോഗികമായി സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നേമം ബ്ലോക്കിന് സുരക്ഷിത വിഭാഗത്തിലേക്ക് സ്ഥാനക്കയറ്റം കിട്ടി. ഇത്തരത്തിൽ ജല സുരക്ഷ ഉയർന്ന ഏക ബ്ലോക്ക് നേമമാണ്.

### നീർത്തടാസൂത്രണം

ഈ നേട്ടം കൈവരിച്ചത് ശാസ്ത്രീയവും ജനകീയവുമായ ജലപരിപാലന സമ്പ്രദായം ആവിഷ്ക്കരിച്ചതുകൊണ്ടാണ്. കേരളസംസ്ഥാന ഭൂവിനിയോഗ ബോർഡ് കമ്മീഷണർ എ. നിസാമുദ്ദീന്റെ നേതൃത്വത്തിൽ ഒരു സംഘം വിദഗ്ധർ മണ്ഡലത്തിലെ 14 നീർത്തടങ്ങളും വേർതിരിച്ചെടുത്തു. ഇവിടുത്തെ മണ്ണ്, ജലം, ബയോമാസ്, മനുഷ്യനിർമ്മിതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. ഇവയെല്ലാം തന്നെ വിവിധ രജിസ്റ്ററുകളിലും സാറ്റലൈറ്റ് മാപ്പുകളിലും ലഭ്യമാണ്. കുറച്ചുകാര്യങ്ങൾക്കു പ്രാഥമികമായി വിവരങ്ങൾ ശേഖരിക്കേണ്ടിവന്നു. ജനകീയമായി

ഇവയുടെയെല്ലാം ശരി ഉറപ്പുവരുത്തി. അതിനുശേഷം ജി.ഐ.എസ്. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നീർത്തടാടിസ്ഥാനത്തിൽ ഈ വിവരങ്ങൾ ഭൂപടങ്ങളാക്കി മാറ്റി. ഇവ മുഴുവൻ ഡിജിറ്റലൈസ് ചെയ്തു.

ഇത്തരത്തിലുള്ള ഒരു വിവരസഞ്ചയത്തിന്റെ ഗുണമെന്താണ്? നമ്മൾ ഒരു കാര്യം ചെയ്താൽ അതിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്നു കമ്പ്യൂട്ടറിൽ തന്നെ ഗണിച്ചെടുക്കാനാവും. ഉദാഹരണത്തിന് ഒരു അരുവിയിൽ ഏതാനും തടയണകൾ നിർമ്മിച്ചെന്നിരിക്കട്ടെ. ഇതിന്റെ ഫലമായി അരുവിയുടെ തടപ്രദേശങ്ങളിൽ ജലവിതാനത്തിന് എന്തുസംഭവിക്കുമെന്ന് കൃത്യമായി പ്രവചിക്കാനാവും. മഴക്കുഴി എടുക്കുക, കുളം വെട്ടുക, മരം വച്ചുപിടിപ്പിക്കുക... ഇങ്ങനെ ഓരോ ഇടപെടലും എന്തെല്ലാം അനന്തരഫലങ്ങൾ സൃഷ്ടിക്കുമെന്ന് കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിച്ചെടുക്കാനാവും. ഇവയോടൊപ്പം കുടുംബാടിസ്ഥാനത്തിലും സ്ഥാപനാടിസ്ഥാനത്തിലുമുള്ള സാമൂഹ്യസാമ്പത്തിക വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പോർട്ടലും തയാറാക്കിക്കൊണ്ടിരിക്കുകയാണ്. ഓരോ റവന്യൂ പ്ലോട്ടിലെയും മണ്ണ് - ജല - സസ്യ വിവരങ്ങൾ മാത്രമല്ല, വീടുകളെയും കുറിച്ചുള്ള വിവരങ്ങൾ എളുപ്പത്തിൽ അറിയാനാവും. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും സംബന്ധിച്ച വിവരങ്ങളും പോർട്ടലിലുണ്ട്.

## മണ്ണുജല സംരക്ഷണം

ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മണ്ണു, ജല സംരക്ഷണ പ്രവർത്തനങ്ങളിലേക്ക് നീങ്ങിയെന്നതാണു കാട്ടാക്കടയുടെ പ്രത്യേകത. ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ മണ്ഡലത്തിലെ 68 സ്കൂളുകളിലും ജലക്ലബുകൾ രൂപീകരിച്ചു. ഓരോ വാർഡിലെയും അഞ്ചംഗങ്ങൾ അടങ്ങുന്ന സന്നദ്ധസേനയെ (ജലമിത്രം) തിരഞ്ഞെടുത്ത് ശുചിത്വ മിഷനും യൂത്ത് വെൽഫെയർ ബോർഡും പരിശീലനം നൽകി. ഇവരുടെ സഹായത്തോടെ ബഹുജന അവബോധപരിപാടികൾ സംഘടിപ്പിച്ചു. നീർത്തടസംരക്ഷണ യാത്രകൾ നടത്തി.

കലാജാഥയുടെ പര്യടനവും ഉണ്ടായിരുന്നു. നാഷണൽ സർവീസ് സ്കീം ക്യാമ്പുകളും ജല പാർലമെന്റും സംഘടിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മഴക്കുഴികൾ, അരുവികളുടെ പുനരുദ്ധാരണം, തടയണ നിർമ്മിക്കൽ, കിണർ റീചാർജിംഗ്, കൃത്രിമ ഭൂജലപോഷണം, 327 പുതിയ കാർഷിക കുളങ്ങൾ, ക്വാറികൾ ജലസംഭരണികളാക്കൽ, മരം വച്ചുപിടിപ്പിക്കൽ, പച്ചത്തുരുത്ത് നിർമ്മാണം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇവയുടെയെല്ലാം ഫലമായി ഒലിച്ചുപൊയ്ക്കൊണ്ടിരുന്ന വെള്ളം പരമാവധി നീർത്തടങ്ങളിൽ തന്നെ സംഭരിക്കുന്നതിനും ഭൂർഗർഭത്തിലേക്ക് കിനിഞ്ഞിറങ്ങുന്നതിനും അവസരമൊരുക്കി. അങ്ങനെയാണ് നേമത്തെ ഭൂഗർഭജലവിതാനം ഉയർന്നത്.

ഇത്തരത്തിൽ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളുടെ ലക്ഷ്യം കൃഷിയുടെ അഭിവൃദ്ധിയാണ്. തരിശുഭൂമികൾ കൃഷിക്കായി വീണ്ടെടുത്തു. ക്വാറികളിലും കുളങ്ങളിലും മത്സ്യകൃഷി ആരംഭിച്ചു. പ്രവർത്തനങ്ങളുടെയെല്ലാം പ്രത്യേകത തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ ജനപങ്കാളിത്തമാണ്. പ്രവർത്തനങ്ങൾ പുതിയ ഫണ്ട് ഉപയോഗിച്ചായിരുന്നില്ല. നിലവിലുള്ള സ്കീമുകളെ കൂട്ടിയോജിപ്പിച്ചു കൊണ്ടായിരുന്നു. ജലസമൃദ്ധിയുടെ നാലുവർഷം സംബന്ധിച്ച് ഒരു റിപ്പോർട്ട് 2020 ൽ പ്രസിദ്ധീകരിച്ചു. അതിലെ സന്ദേശങ്ങൾ വായിച്ചാൽ തദ്ദേശഭരണം മാത്രമല്ല ജലസേചനം, കൃഷി, ആസൂത്രണം, ഹരിതമിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, തൊഴിലുറപ്പ് തുടങ്ങിയ എത്രയോ ഏജൻസികൾ അവർ ചെയ്ത കാര്യങ്ങൾ പരാമർശിക്കുന്നുണ്ട്. നീർത്തടാസൂത്രണത്തിലൂടെ ഉയരുന്ന പ്രോജക്ടുകൾ പഞ്ചായത്ത് പദ്ധതിയുടെയും ഭാഗമായി മാറുന്നു.

## കാട്ടാക്കടയിലെ ചങ്ങാതിക്കൂട്ടം

ഈ പദ്ധതി ഇതിനകം അന്താരാഷ്ട്ര ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. 2019 മെയ് മാസത്തിൽ ജനീവയിൽ നടന്ന ലോക പുനർനിർമ്മാണ സമ്മേളനത്തിന്റെ നാലാം പതിപ്പിൽ സംയോജിത ജലസംരക്ഷണത്തിന്റെ മികച്ച മാതൃകയായി ജലസമൃദ്ധി അവതരിപ്പിക്കപ്പെട്ടതു പദ്ധതിക്കു ലഭിച്ച വലിയ അംഗീകാരമാണ്. ഇതു കൂടാതെ സംസ്ഥാന സർക്കാരിന്റെ അവാർഡ്, ദേശീയ തലത്തിൽ സ്കോച്ച് അവാർഡ് തുടങ്ങിയ നിരവധി പുരസ്കാരങ്ങളും പദ്ധതിക്കു നേടാനായി. കാട്ടാക്കടയിലെ ജലസമൃദ്ധി പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതു സംബന്ധിച്ച് എം.എൽ.എ മുൻകൈയെടുത്തു വിദഗ്ധരുടെ വെബിനാർ നടത്തുകയുണ്ടായി. രണ്ടു ഡസനിലേറെ വിദഗ്ധർ പങ്കെടുത്തു.

ഇനി ചെയ്യേണ്ട കാര്യങ്ങളുടെ രൂപരേഖയും തയാറാക്കി. സമഗ്ര പോർട്ടൽ പൂർത്തിയാക്കണം. നബാർഡ് ഫണ്ട് വാങ്ങി മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ചില നീർത്തടങ്ങളിൽ പൂർണമായും നടപ്പാക്കണം. സമ്പൂർണ ശുചിത്വം കൈവരിക്കണം. ജലത്തിന്റെ ലഭ്യത കണക്കിലെടുത്ത് വിള വിസ്തൃതി വർദ്ധിപ്പിക്കണം. ബയോമാസ് ആസൂത്രിതമായി ഉയർത്തണം. ഇവയുടെ വിഭവങ്ങൾ സംസ്കരിക്കുന്നതിനുള്ള പുതിയ തൊഴിൽ സംരംഭങ്ങൾക്ക് രൂപം നൽകണം. ഇതിനൊക്കെ വിശദമായ പരിപാടി തയാറാക്കണം. ജനപ്രതിനിധികളും ജനങ്ങളുമായി സംവദിക്കണം, നടപ്പാക്കുന്നതിനു സഹായിക്കണം, ഇതിനായി കാട്ടാക്കട ചങ്ങാതിക്കൂട്ടത്തിന് രൂപം നൽകി. സംവാദത്തിൽ പങ്കെടുത്ത മുഴുവൻ പേരും മാസത്തിൽ രണ്ടു ദിവസം ഇതിനായി സമയം കണ്ടെത്തും.

(കടപ്പാട്- കേരള കൗമുദി)



# കയർ ഭൂവസ്ത്രം: മണ്ണു – ജല സംരക്ഷണത്തിന് പ്രകൃതിയുടെ വരദാനം



**എൻ.എസ്.മോഹൻദാസ്**
**കയർഫെഡ്**

**പ**രിസ്ഥിതി നാശം ആഗോള ഭീഷണിയായി മാറിയിരിക്കുന്ന വർത്തമാന കാലത്ത് പ്രകൃതിയുടെ വീണ്ടെടുപ്പിന് കയർ ഭൂവസ്ത്രം പോലുള്ള പ്രകൃതിദത്ത ഉത്പന്നങ്ങൾക്ക് ഏറെ പ്രസക്തി വർദ്ധിച്ചിട്ടുണ്ട്. പ്രകൃതിയ്ക്ക് നാശം വിതക്കുന്ന സിന്തറ്റിക്ക് ഉത്പന്നങ്ങൾക്ക് എതിരെ ലോകമെമ്പാടും ഇന്ന് ജനകീയ വികാരം ഉണർണു വരികയാണ്.

ഗുണമേൻമയുള്ളതും ദീർഘകാലം ഈടുനിൽക്കുന്നതുമായ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ്. ജല സംരക്ഷണ പദ്ധതികൾ ഇന്ന് ഒഴിച്ചുകൂടാനാവാത്തതാണ്. പരമ്പരാഗത ജല സ്രോതസുകളും മണ്ണും സ്വാഭാവിക രീതിയിൽ സംരക്ഷിക്കുന്നതിന് ഏറ്റവും ഉത്തമമായ സംവിധാനമാണ് കയർ ഭൂവസ്ത്ര വിനിയോഗം. കുളങ്ങളുടെയും തോടുകളുടെയും നീർചാലുകളുടെയും വശങ്ങളിൽ മണ്ണിടിഞ്ഞു പോകാതെ ബലപ്പെടുത്തി സംരക്ഷിക്കുവാനും വന നശീകരണം മൂലം തരിശായ കുന്നിൻചെരിവ് പ്രദേശങ്ങളിൽ സസ്യാവരണം പുനഃസൃഷ്ടിക്കുവാനും റോഡുകൾ ബലപ്പെടുത്തുവാനും റെയിൽവെ ലൈനിന്റെ ചരിവുഭിത്തിയും മറ്റും സംരക്ഷിക്കുവാനും കയർ ഭൂവസ്ത്രം ഫലപ്രദമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മണ്ണിന്റെ ജൈവഘടന നിലനിർത്താനും ജലസ്രോതസുകൾ ശാശ്വതമായി സംരക്ഷിക്കുവാനും കയർ ഭൂവസ്ത്രം ഏറെ പ്രയോജനകരമാണ്.

മുൻ ധനകാര്യ മന്ത്രി ഡോ.ടി.എം.തോമസ് ഐസക് മുൻകൈയെടുത്ത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം ഗണ്യമായി ഉയർന്നിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കയറിന്റെ വലിയൊരു പങ്കും കയർ ഭൂവസ്ത്ര നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. കയറിന്റെയും മറ്റു പ്രകൃതിദത്ത നാരുകളുടെയും അന്താരാഷ്ട്രമേളയായ 'കയർ കേരള' കയർ ഭൂവസ്ത്രവിനിയോഗത്തിന് നൽ



കിയ സംഭാവന വളരെ വലുതാണ്.

2017, 2019, 2021 എന്നീ മൂന്ന് വർഷങ്ങളിലെ കയർ കേരളയിൽ ഓരോന്നിലും 100 കോടിയിലേറെ രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗത്തിനാണ് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളത്. ഇതനുസരിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മണ്ണു-ജല സംരക്ഷണ പ്രവർത്തികൾക്ക് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ചുവരികയാണ്.ഈ പദ്ധതികൾക്കായി ആവശ്യമായ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് സപ്ലൈ ചെയ്യുന്നത്. ഇതനുസരിച്ച് തലസ്ഥാന ജില്ലയിൽ ചില ഗ്രാമപഞ്ചായത്തുകളിൽ കയർഫെഡ് നൽകിയ കയർഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണു-ജല സംരക്ഷണ പ്രവർത്തികളുടെ ചിത്രങ്ങളാണ് ഇതോടൊപ്പം നൽകിയിട്ടുള്ളത്.

കേരളത്തിലെ പിഡബ്ല്യുഡി റോഡുകളുടെ നിർമ്മാണത്തിനും കേന്ദ്രസർക്കാരിന്റെ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതു വഴി നമ്മുടെ പരിസ്ഥിതിയ്ക്കും കയർ മേഖലയ്ക്കും പുനരുജ്ജീവനം നൽകാനാവുമെന്നത് ഏറെ പ്രസക്തമാണ്.



# കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു)
# വ്യവസായ നിയമ–കയർ മന്ത്രിയ്ക്ക് നിവേദനം നൽകി

**കേ**രളത്തിലെ കയർ വ്യവസായം വലിയ തകർച്ച യിലേക്ക് പോയ സമയത്താണ് 2016-ൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഇടതുപക്ഷ ബദൽ നയം ഉയർത്തി എൽ.ഡി.എഫ് സർക്കാർ നടപ്പിലാക്കിയ അഞ്ച് വർഷക്കാലത്തെ വ്യവസായ നവീകരണ പ്രവർത്തനങ്ങൾ വഴി കയർ മേഖലയിൽ മികച്ച ഉത്പാദനവും ഉത്പാദനക്ഷമതയും കൈവരിക്കാനായി.

കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംഭരണവും വിപണനവും മൊത്തം വിറ്റുവരവും ഗണ്യമായി വർദ്ധിച്ചു. തൊഴിലാളികൾക്ക് കൂലി വർദ്ധനവും തൊഴിൽ അവസരങ്ങളും കൂടുതൽ നേടാനായി. എൽ.ഡി.എഫിനു ഭരണ തുടർച്ച കിട്ടി ചരിത്ര വിജയം ലഭിച്ചു. ഇതുവഴി കയർ വ്യവസായ മേഖലയെ ഒരു കുതിപ്പിലേക്കു നയിക്കാൻ കഴിയുമെന്ന തികഞ്ഞ പ്രതീക്ഷയാണ് തൊഴിലാളികൾക്കുള്ളത്. ഈ സാഹചര്യത്തിൽ കേരള കയർ വർക്കേഴ്സ് സെന്റർ ഭാരവാഹി യോഗം ആനത്തലവട്ടം ആനന്ദന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് ചർച്ച ചെയ്ത് അംഗീകരിച്ച താഴെപറയുന്ന വിവിധ അടിയന്തിര ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യവസായ നിയമ-കയർ വകുപ്പ് മന്ത്രി പി. രാജീവിന് നിവേദനം നൽകി.

***1. കയർ സഹകരണ സംഘങ്ങൾക്ക് കോവിഡ് പാക്കേജ് പ്രഖ്യാപിക്കുക***

കോവിഡ് പ്രതിസന്ധിയിൽ നിന്നും കയർ സഹകരണ സംഘങ്ങളെ സംരക്ഷിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളി സംരക്ഷണം ഉറപ്പു വരുത്തുന്നതിനുമായി എല്ലാ കയർ സംഘങ്ങൾക്കും കുറഞ്ഞത് ഒരു ലക്ഷം രൂപ വീതമെങ്കിലും ആശ്വാസ ധനസഹായം അനുവദിച്ച് കയർ മേഖലയ്ക്കും കോവിഡ് പാക്കേജ് പ്രഖ്യാപിക്കുക.

***2. കയർ-കയർ ഉത്പന്നങ്ങളുടെ സംഭരണത്തിന് ധനസഹായം അനുവദിക്കുക.***

1. ഓണക്കാലത്ത് കയർ ഉത്പന്ന മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ടി ഉത്പന്നങ്ങൾ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 10 കോടി രൂപയെങ്കിലും പി.പി.എസ്.എസ് പദ്ധതിയിൽ നിന്നും അടിയന്തിര ധനസഹായം അനുവദിക്കുക.
2. ഓണംവരെ കയർ സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറും വാങ്ങി സംഭരിച്ച് വില നൽകുന്നതിന് കയർഫെഡിന് പി.പി.എസ്.എസ് പദ്ധതിയിൽ നിന്നും കുറഞ്ഞത് 10 കോടി രൂപയുടെ അടിയന്തിര ധനസഹായം അനുവദിക്കുക.

***3. കയർ സംഘങ്ങൾക്ക് ബജറ്റിൽ അനുവദിച്ചിട്ടുള്ള സഹായങ്ങൾ ഓണത്തിന് മുൻപ് വിതരണം ചെയ്യുക.***

കയർ സഹകരണ സംഘങ്ങൾക്കുള്ള പി.എം.ഐ, (പ്രൊഡക്ഷൻ കം മാർക്കറ്റിംഗ് ഇൻസെന്റീവ്) എം.ഡി.എ, മാനേജീരിയൽ സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങൾ ഓണത്തിന് മുമ്പായി തീർത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

***4. വരുമാന പൂരക പദ്ധതി(ഐ.എസ്.എസ്.) സഹായം വിതരണം ചെയ്യുക***

കയർ തൊഴിലാളികൾക്ക് വരുമാന പൂരക പദ്ധതി (ഐ.എസ്.എസ്.) ഇനത്തിൽ നൽകുവാനുള്ള തുക മുഴുവൻ കയർ വികസന ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാണ്. ഓണത്തിന് മുമ്പായി കുടിശിക തീർത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

***5. ഓണം ഫെസ്റ്റിവൽ അലവൻസ് കയർ തൊഴിലാളികൾക്കും അനുവദിക്കുക***

പ്രവർത്തനരഹിതമായ കയർ സംഘങ്ങളിലെ തൊഴിലാളികൾക്കും ഭാഗികമായി പ്രവർത്തിച്ച കയർ സംഘങ്ങളിലെ തൊഴിൽ ലഭ്യമായിട്ടില്ലാത്ത തൊഴിലാളികൾക്കും ഫെസ്റ്റിവൽ അലവൻസ് അനുവദിക്കുക.

***6. എ.എസ്.എം തൊഴിലാളികൾക്ക് പരിശീലനവും സ്റ്റൈപ്പന്റും നൽകുക***

എ.എസ്.എം സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നത് എൻ.സി.ആർ.എം.ഐയാണ്. ഇപ്പോൾ 30 ദിവസത്തെ പരിശീലനം ആണ് എൻ.സി.ആർ.എം.ഐ നൽകി വരുന്നത്. എ.എസ്.എം സ്ഥാപിച്ചിട്ടുള്ള മുഴുവൻ സംഘങ്ങളിലും ഈ പരിശീലനം പൂർത്തീയായിട്ടില്ല. ആയതിനാൽ എ.എസ്.എം സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിലെ തൊഴിലാളികൾക്ക് ഇനി മുതൽ 45 ദിവസത്തെ കയർ പിരി പരിശീലനവും സ്റ്റൈപ്പന്റും നൽകുന്നതിന് അപേക്ഷിക്കുന്നു. കഴിഞ്ഞ കൊല്ലം നടത്തിയ പരിശീലനത്തിന്റെ സ്റ്റൈപ്പന്റ് വിതരണം ചെയ്തിട്ടില്ലാത്തിടത്ത് കുടിശികയുള്ള സ്റ്റൈപ്പന്റ് തുക എത്രയും വേഗം കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

***7. എ.എസ്.എം കയറിനുള്ള 10 ശതമാനം ഡിസ്കൗണ്ട് 2021-22 സാമ്പത്തിക വർഷത്തേക്ക് പൂർണമായി അനുവദിച്ചു നൽകുക.***

2021 മെയ് 31 വരെ കയർഫെഡ് സംഭരിച്ച എ.എസ്.എം കയറിന് 10 ശതമാനം ഡിസ്കൗണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ ഡിസ്കൗണ്ട് 1.6.2021 മുതൽ സംഭരിക്കുന്ന എ.എസ്.എം കയറിന് അനുവദിക്കുന്നതല്ലെന്നും വിൽപന വിലയ്ക്കുതന്നെ എ.എസ്.എം കയർ സംഭരിക്കണമെന്നും കയർ വികസന ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഈ ഉത്തരവ് നടപ്പിലാക്കിയാൽ എ.എസ്.എം കയറിന്റെ വില ഒരു കിലോഗ്രാമിന് നാലര രൂപയോളം കുറയ്ക്കേണ്ടിവരും. ഇത് മൂലം തൊഴിലാളികളുടെ കൂലിയിൽ കുറവുണ്ടാവുകയും മേഖലയിൽ പ്രതിക്ഷേധം ഉയർന്നു വരികയും ചെയ്യും. ആയതിനാൽ മുഴുവൻ എ.എസ്.എമ്മുകളിലും പരിശീലനം പൂർത്തിയാക്കുകയും ഓട്ടോ ഫീഡർ ഘടിപ്പിക്കുകയും ഉത്പാദനക്ഷമത 10-15 ശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നതുവരെ എ.എസ്.എം കയറിന് 10 ശതമാനം ഡിസ്കൗണ്ട് തുടരുന്നതിനും കയർ വികസന ഡയറക്ടറുടെ മേൽ ഉത്തരവ് മരവിപ്പിച്ച് നിർത്തണ

മെന്നും അപേക്ഷിക്കുന്നു. ആട്ടോ ഫീഡർ ഘടിപ്പിച്ച് ഉത്പാദനക്ഷമത ഉയർത്തിയ എ.എസ്.എമ്മുകൾ മാത്രം ഇനി വിതരണം ചെയ്താൽ മതിയെന്ന് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയോട് നിർദ്ദേശിക്കുക.

***8. കയർ ഭൂവസ്ത്രം***

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് മണ്ണ് –ജല സംരക്ഷണവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വലിയ തോതിൽ കയർ ഭൂവസ്ത്ര വിതാനം നടന്നിരുന്നു. എന്നാൽ ഈ വർഷം ഈ പദ്ധതിയിൽ പ്രവൃത്തികൾ ഇനിയും ആരംഭിച്ചിട്ടില്ല. കയർ വിപണനത്തെ ഇത് സാരമായി ബാധിച്ചിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതാനം പുനരാരംഭിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ നടത്തുക.

***2 പി.ഡബ്ല്യു.ഡി റോഡ് നിർമ്മാണം***

പി.ഡബ്ല്യു.ഡി റോഡ് നിർമ്മാണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കണമെന്ന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് മന്ത്രിയായിരുന്ന ജി. സുധാകരന്റെ ശ്രമഫലമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും പി.ഡബ്ല്യു.ഡി മാനുവലിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതുമാണ്. ഇതിലേക്കാവശ്യമായ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങണമെന്നും ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതെ തമിഴ്നാട് കയർ ഉപയോഗിച്ചുള്ള ഭൂവസ്ത്രമാണ് ഇപ്പോഴും വിനിയോഗിച്ചു വരുന്നത്. ഇക്കാര്യം പൊതുമരാമത്ത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുക.

***9. സംഘങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം***

കയർ സഹകരണ സംഘങ്ങളുടെ പശ്ചാത്തല വികസനത്തിനായി സർക്കാർ ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ ഊരാളുങ്കൾ സൊസൈറ്റിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ടി വർക്കുകൾ ഊരാളുങ്കൾ സൊസൈറ്റി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ ഈ സൊസൈറ്റിക്ക് നിർദ്ദേശം നൽകുന്നതിനും അവർക്ക് താൽപര്യമില്ലാത്തപക്ഷം മറ്റേതെങ്കിലും സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

***10. എൻ.സി.ആർ.എം.ഐ പുനസംഘടന***

കയർ വ്യവസായത്തിൽ വൈവിധ്യവത്കരണവും ആധുനികവത്കരണവും എല്ലാ നിലവാരത്തിലും ഉയർന്ന ഗുണനിലവാരവും ഉറപ്പാക്കുന്ന വിധം പ്രവർത്തിക്കുന്നതിന് എൻ.സി.ആർ.എം.ഐ –യെ പുനഃസംഘടിപ്പിക്കുക.

***11. കയർഫെഡ്***

കയർ വാങ്ങുമ്പോൾ തന്നെ കയർ വില നൽകുവാൻ കയർഫെഡിന് കഴിയണം. എങ്കിൽ മാത്രമേ യഥാസമയം കയർ തൊഴിലാളികൾക്ക് കൂലി കൊടുക്കുവാൻ കഴിയുകയുള്ളൂ. ഇതിലേക്ക് ആവശ്യമായ നിർദ്ദേശവും സാമ്പത്തിക സഹായവും കയർഫെഡിന് നൽകുക.

***12. കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി***

സർക്കാർ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന യന്ത്രവത്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ യന്ത്രങ്ങളും കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയിൽ നിന്നും മാത്രമായി വാങ്ങുന്നതിനുള്ള നിർദ്ദേശം നൽകണമെന്നും ഇതിനുപകാരപ്പെടും വിധം ടി കമ്പനിയെ ശക്തിപ്പെടുത്തുക.

***13. കയർ സംഘങ്ങളുടെ ആസ്തി വിനിയോഗം***

കയർ സംഘങ്ങളുടെ നിശ്ചലമായി കിടക്കുന്ന ആസ്തിയിൽ ഒരുഭാഗം നിയമാനുസരണം വിറ്റഴിച്ച് പ്രവർത്തന മൂലധനം സ്വരൂപിച്ച് പ്രവർത്തിക്കുവാൻ സംഘങ്ങൾക്ക് അനുവാദം നൽകുക.

***14. സർക്കാർ സബ്സിഡി***

കേരളത്തിലെ കയർ ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾക്ക് മാത്രം ഗവൺമെന്റ് സബ്സിഡി നൽകുന്നവിധം ക്രമീകരണം ഏർപ്പെടുത്തുക.

***15. ചകിരി സ്വയംപര്യാപ്തത***

രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കയർ ഉത്പാദനത്തിന് ആവശ്യമായ ചകിരിയുടെ 40 ശതമാനം നമ്മുടെ സംസ്ഥാനത്ത് ഉത്പാദിപ്പിച്ചു തുടങ്ങിയിട്ടുണ്ട്. ചകിരി സ്വയംപര്യാപ്തത കൈവരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.

1. ചകിരി സ്വയം പര്യാപ്തത കൈവരിക്കുന്നതിന് വേണ്ടി എല്ലാ കയർ പ്രോജക്ട് അടിസ്ഥാനത്തിലും കൺസോർഷ്യം സൊസൈറ്റികൾ രൂപീകരിച്ച് തൊണ്ട് സംഭരിക്കുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തുക.
2. സർക്കാർ ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ചിട്ടുള്ള ചില ചകിരി മില്ലുകൾ ഇപ്പോഴും പ്രവർത്തനരഹിതമായി കിടക്കുന്നു. അവയെ പ്രത്യേകം പരിശോധിച്ച് പ്രവർത്തന സജ്ജമാക്കുന്നതിന് ബന്ധപ്പെട്ട പ്രോജക്ട് ആഫീസർമാർക്ക് നിർദ്ദേശം നൽകുക.
3. തൊണ്ട് സംഭരിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് തൊണ്ട് ഒന്നിന് 50 പൈസ വീതം സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കണമെന്ന് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഒരു തദ്ദേശഭരണ സ്ഥാപനവും പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിന് തയാറായില്ല. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുക.

***16. കയർ ക്ലസ്റ്ററുകൾ***

കയർ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിന് വേണ്ടുവോളം കേന്ദ്ര ഫണ്ട് കയർബോർഡിൽ ലഭ്യമാണ്. തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ മറ്റു സംസ്ഥാനങ്ങൾ ഈ ഫണ്ട് നല്ല നിലയിൽ ഉപയോഗിക്കുകയാണ്. കേന്ദ്ര ഫണ്ട് വിനിയോഗിച്ച് കയർ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിന് കയർ പ്രോജക്ട് ആഫീസർമാർക്ക് നിർദ്ദേശം നൽകുക.

***17. കയർ സംഘം ജീവനക്കാരുടെ കുടുംബ പെൻഷൻ***

കയർ സംഘം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യ ഉത്തരവിൽ പറഞ്ഞിട്ടുള്ള പ്രകാരം മരണപ്പെടുന്ന പെൻഷൻകാരുടെ ഭാര്യ/ഭർത്താവിന് പെൻഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ സഹകരണ പെൻഷൻ ബോർഡിന് നിർദ്ദേശം നൽകുക.

കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു) നേതാക്കളായ ആനത്തലവട്ടം ആനന്ദൻ, കെ.കെ. ഗണേശൻ, ആർ. നാസർ, കെ. പ്രസാദ്, ടി.കെ. ദേവകുമാർ, അഡ്വ. എൻ. സായികുമാർ, വി.എസ്. മണി, എസ്.എൽ. സജികുമാർ, കെ.പി. കുറുപ്പ്, ടി.ആർ. ബോസ്, എന്നിവരാണ് നിവേദക സംഘത്തിൽ ഉണ്ടായിരുന്നത്. ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് മന്ത്രി ഉറപ്പ് നൽകി.



# കണ്ടശാംകടവ് കയർ തൊഴിലാളി സമരം



**വി.എൻ. ഉണ്ണികൃഷ്ണൻ**
**ഡയറക്ടർ, കയർഫെഡ്**

**കേ**രളത്തിലെ കയർ വ്യവസായത്തിൽ തൃശൂർ ജില്ലയിലെ കയർതൊഴിലാളികൾക്ക് പ്രമുഖമായ പങ്കുണ്ട്. ജില്ലയിലെ ചാവക്കാട്, മണലൂർ, അന്തിക്കാട് ഭാഗങ്ങളിൽ ചകിരി ഉത്പാദിച്ച് തെക്കൻ ജില്ലകളിലേക്ക് കയറ്റി അയയ്ക്കലാണ് പ്രധാനമായും ഉണ്ടായിരുന്നത്. കൊടുങ്ങല്ലൂരും പരിസര പ്രദേശങ്ങളിലുമാണ് പ്രധാനമായും കയർ പിരി ഉണ്ടായിരുന്നത്. ചാവക്കാട്ടു മുതൽ മണലൂർ അന്തിക്കാട് വരെ ഏകദേശം 3000 തൊഴിലാളികളാണ് ഈ മേഖലയിൽ തൊഴിൽ ചെയ്തിരുന്നത്. ഇതിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികൾ ആയിരുന്നു.

1955ലെ സർക്കാർ തൊണ്ടുതല്ലുന്നവർക്ക് നിശ്ചയിച്ച മിനിമം കൂലി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് സമരം നടത്തിയത് മുറ്റിച്ചൂൽ മുതൽ അന്തിക്കാടിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മണലൂർ വരെയുള്ളവരായിരുന്നു ഏകദേശം 2000 തൊഴിലാളികളാണ് ഈ സമരത്തിൽ പങ്കെടുത്തത്. ചകിരിക്കളങ്ങളുടെ ഉടമകൾ ഈ സമരത്തെ പരാജയപ്പെടുത്തുന്നതിനുവേണ്ടി സംഘടിക്കുവാനും സമരത്തെ അടിച്ചമർത്തുവാനും തീരുമാനിച്ചു.തൊഴിൽഉടമകളെയും അവരുടെവീട്ടുവേലക്കാരേയും ചേർത്ത് സംഘങ്ങളുണ്ടാക്കിയും കരിങ്കാലികളെ ഇറക്കുമതി ചെയ്തു സമരം പൊളിക്കുവാൻ മുതിർന്ന ഇവരെ തടയാൻ തൊഴിലാളികൾ പിക്കറ്റിംഗ് തുടങ്ങിയതോടെ പോലീസ് ഇടപെടുകയും ക്രൂരമർദ്ദനം ആരംഭിക്കുകയും ചെയ്തു.

സ്ത്രീ തൊഴിലാളികളെ യാതൊരു കാരണവുമില്ലാതെ ലാത്തികൊണ്ടും ചകിരി തല്ലുന്ന വടികൊണ്ടും മർദ്ദിക്കുകയായിരുന്നു. മർദ്ദനമേറ്റ തൊഴിലാളി കുടുംബങ്ങളെ സഹായിക്കുന്നതിനായി അന്തിക്കാട്ടെ ചെത്തുതൊഴിലാളികൾ ഉൾപ്പെടെ മറ്റു തൊഴിലാളി സംഘടനകളും ചേർന്ന് റിലീഫ് കമ്മിറ്റിയുണ്ടാക്കി മർദ്ദനമേറ്റ തൊഴിലാളികളെയും കുടുംബങ്ങളെയും സഹായിക്കുവാനു ചികിത്സിക്കുവാനും തയാറായി മുന്നോട്ടുവന്നു. സമരരംഗത്ത് അന്നത്തെ പാർട്ടി നേതാക്കളായ സി. ജനാർദനൻ, കെ.കെ. വാരിയർ, ടി.കെ. കരുണൻ, എ.വി. ആര്യൻ, എ.സി. ശങ്കരൻ, കെ.ജി. കേളൻ, വി. ശിവരാമൻ നായർ തുടങ്ങിയവർ സമര രംഗത്ത് ഉണ്ടായിരുന്നു. ഉടമകളുടെയോ സർക്കാരിന്റെ ഭാഗത്ത് നിന്നോ യാതൊരു വിധ നടപടിയും ഇല്ലാതെയായപ്പോൾ തൊഴിലാളികൾ കാൽനട ജാഥയായി തിരുവനന്തപുരത്തേക്ക് പുറപ്പെട്ടു. ഇതിനകം സമരം 92 ദിവസം പിന്നിട്ടിരുന്നു. അഞ്ചംഗ ങ്ങളുള്ള ഈ പ്രചരണ ജാഥയിൽ ചകിരി തൊഴിലാളി നേതാക്കളായ പട്ടുപറമ്പിൽ ശങ്കു, ചുള്ളിയിൽ ശ്രീധരൻ, കുനമ്പാടൽ അമ്മു, കൊച്ചാത്തു അയ്മാവതി, കോരത്തു വിലാസിനി എന്നിവരാണ് ജാഥയിലുണ്ടായിരുന്നത്.

ഈ സമര കാലഘട്ടത്തിൽ യൂണിയന്റെ പ്രസിഡന്റ് കെ.എ. ദേവസിയും സെക്രട്ടറി കെ.കെ. പുഷ്പാംഗദനുമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വടക്കൻ കൊച്ചി ഡിവിഷൻ സെക്രട്ടറിയായിരുന്ന കെ.പി. പ്രഭാകരനായിരുന്നു രക്ഷാധികാരി. സമരം മൂന്ന് മാസം പിന്നിട്ടപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് നേതൃത്വം ഏറ്റെടുത്ത് സി. അച്യുത മേനോനും എം.എൻ. ഗോവിന്ദൻ നായരും കണ്ടശ്ശാംകടവിലെത്തി സമരത്തിന് നേതൃത്വം വഹിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിയമസഭാ സമാജികൻമാരായിരുന്ന സുഗതൻ സാറും സി.ജി. സദാശിവനും ടി.കെ. കൃഷ്ണനനും തൊഴിലാളികൾക്കൊപ്പം സമരരംഗത്ത് സജീവമായി. തൊഴിലാളികൾക്കൊപ്പം അവരും അറസ്റ്റ് വരിച്ചു.

ചകിരി തൊഴിലാളികളുടെ സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വാളണ്ടിയർമാരും ചകിരി കളത്തിലിറങ്ങി സമരം ചെയ്ത് അറസ്റ്റ്വരിക്കാൻതുടങ്ങി. പലതവണ ഹൈപവർകമ്മിറ്റി വിളിച്ചു ചേർത്തെങ്കിലും സമരം ഒത്തുതീർപ്പായില്ല. പിന്നീട് തൃശൂർ രാമവർമ്മ തീയറ്ററിൽ മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിൽവെച്ചുള്ള കൂടിയാലോചനയിലാണ് അഞ്ചുമാസം നീണ്ടു നിന്ന സമരത്തിന് പരിഹാരമായത്.




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ
വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി – 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29

ആദ്യകാല കയർ സഹകരണ സംഘങ്ങളുടെ
ചരിത്രവും പ്രവർത്തനങ്ങളും
പ്രതിപാദിക്കുന്ന ഈ പംക്തിയിലേക്ക്
ഇത്തരം സംഘങ്ങളെക്കുറിച്ചുള്ള
സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു
**(ചീഫ് എഡിറ്റർ)**



പി. പ്രജീഷ്

# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

## കണ്ടച്ചിറ കയർ വ്യവസായസഹകരണ സംഘം നം. 50



**കൊ**ല്ലം പ്രോജക്ടിലെ ആദ്യകാല കയർ സംഘങ്ങളിൽ ഒന്നാണ് കണ്ടച്ചിറ സി.വി.സി.എസ്-50 എന്ന സംഘം. 1956 ൽ ആണ് സംഘം പ്രവർത്തനം ആരംഭിച്ചത്. ആദ്യ കാലങ്ങളിൽ ലക്ഷക്കണക്കിന് പച്ച തൊണ്ട് കണ്ടച്ചിറ കായൽവാരത്ത് എത്തുമായിരുന്നു. ഈ തൊണ്ട്, മൂടൽ തൊഴിലാളികൾ കായലിൽ താഴ്ത്തി ആറുമാസത്തിനുശേഷം തൊണ്ടുകൾ എടുത്ത് 500 തേങ്ങയുടെ തൊണ്ടുകൾ എന്ന ക്രമത്തിൽ തൊഴിലാളികൾക്ക് വിതരണം നടത്തി അവർ അത് തല്ലി പിരിച്ച് കയറാക്കി സംഘത്തിൽ ഏൽപ്പിക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്.

തമിഴ്നാട്ടിൽ നിന്നുവരെ ആക്കാലത്ത് തൊണ്ട് കണ്ടച്ചിറ കടവിൽ വരുമായിരുന്നു. ആദ്യകാലങ്ങളിൽ 2000 ക്വിന്റൽ കയർ വരെ ഒരു സാമ്പത്തിക വർഷം സംഘത്തിൽ ഉത്പാദിപ്പിച്ചിട്ടുണ്ട്. സംഘത്തിന്റെ പ്രഥമ പ്രസിഡന്റായ എസ്. പരമേശ്വരൻ താഴത്തതിൽ കണ്ടച്ചിറയാണ് സംഘത്തിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചത്. പരമേശ്വരൻ താഴത്തതിലിനുശേഷം ഗംഗാധരൻ, മുടിലഴികം, കുമാരൻ, താവാട്ടി എന്നിവരും സംഘത്തിന്റെ പ്രസിഡന്റ് പദവി വഹിച്ചവരാണ്. 1976 മുതൽ സംഘം അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ കീഴിലായിരുന്നു. ഉദയഭാനു, കൊച്ചുകരുണാകരൻ, ചന്ദ്രശേഖരൻ എന്നിവർ ഉൾപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഉണ്ടായിരുന്നത്. സംഘം കെട്ടിടത്തിന്റെ തറക്കല്ലിടിൽ 1976 ഡിസംബർ 29ന് ൽ ചീഫ് അഡ്മിനിസ്ട്രേറ്റർ ജെ. ഉദയഭാനു നിർവഹിച്ചു. അതിനുശേഷം ഏകദേശം പത്ത് വർഷത്തോളം സംഘം പ്രവർത്തനമില്ലാതെ അടച്ചിട്ടിരിക്കുകയായിരുന്നു. എ.എൻ. കുട്ടപ്പൻ, എൻ. സാവിത്രി, ജി. ഗോപിനാഥൻപിള്ള എന്നിവർ സംഘത്തിന്റെ സെക്രട്ടറിമാ



രായി ആദ്യകാലങ്ങളിൽ സേവനമനുഷ്ഠിച്ചവരാണ്. സംഘത്തിൽ ഡെപ്യൂട്ടേഷനിൽ സെക്രട്ടറിയായി വന്ന മധുസൂദനൻ പിള്ളയുടെ കാലത്താണ് സംഘം നേരിട്ട് ഉത്പാദനം ആരംഭിച്ചത്. 2016 മുതലാണ് സംഘത്തിന്റെ പ്രവർത്തനം നല്ല നിലയിൽ പുനരാരംഭിച്ചത്. 2015-16ൽ 100 ക്വിന്റൽ കയറുത്പാദനം ഉണ്ടായിരുന്നത്. 2020-21 ൽ 900 ക്വിന്റലായി ഉത്പാദന വർദ്ധനവുണ്ടായി.

കണ്ടച്ചിറ സി.വി.സി.എസ് നമ്പർ 50 ൽ സ്ഥാപിച്ച ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഫാക്ടറിയുടെ ഉദ്ഘാടനം അന്നത്തെ ധനകാര്യ-കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഓൺലൈനായി നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എ. ഷീല അദ്ധ്യക്ഷത വഹിച്ചു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ. കെ. പ്രസാദ്, കയർഫെഡ് എക്സി. ഡയറക്ടർ എസ്.എൽ. സജികുമാർ, കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ഡയറക്ടർ ബോർഡ് അംഗം ഡി. സുരേഷ്കുമാർ, ഡപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, കൊല്ലം കയർ പ്രോജക്ട് ഓഫീസർ ബനഡിക് നിക്സൺ, സംഘം പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു..

കൊല്ലം താലൂക്കിൽ പനയം പഞ്ചായത്തിൽ പനയം വില്ലേജിൽ സ്ഥിതി ചെയ്യുന്ന സംഘത്തിന് സ്വന്തമായി 80 ലക്ഷം രൂപ വില വരുന്ന 20 സെന്റ് പുരയിടവും, കായൽ തീരത്ത് 25 ലക്ഷം രൂപ വിലവരുന്ന 20 സെന്റ് സ്ഥലവും ഉണ്ട്.

2016 മുതൽ വിൽസൺ പ്രസിഡന്റായ ഭരണ സമിതിയാണ് സംഘം പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത്. സെക്രട്ടറിയായി സുമിയും പ്രവർത്തിക്കുന്നു.



# പ്രത്യേക ക്യാഷ് പ്രൈസ്

**ക**യർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. പഴയ ലക്കം ഹാജരാക്കിയ കൊല്ലം ആർ. അനിലിന് ക്യാഷ് അവാർഡ് നൽകി അനുമോദിച്ചു. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**





# എം.ടി. ചന്ദ്രസേനൻ ചരിത്രത്തിനൊപ്പം നടന്ന തൊഴിലാളി നേതാവ്



**ടി.കെ. അനിൽകുമാർ**
**ബ്യൂറോ ചീഫ്**
**ജനയുഗം, ആലപ്പുഴ**

**തൊ**ഴിലാളി സമരങ്ങളുടെ ഈറ്റില്ലമായ ആലപ്പുഴ ഒട്ടേറെ ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണാണ്. കേരളത്തിലെ ആദ്യത്തെ ട്രേഡ് യൂണിയൻ രൂപീകൃതമായതും ആലപ്പുഴയിലെ ചുവന്ന ഭൂമിയിലാണ്. ആദ്യത്തെ തൊഴിലാളി പണിമുടക്ക് നടന്നതും ഇതേമണ്ണിലാണ്.

രാജ്യത്തിന്റെ പോരാട്ട ചരിത്രത്തിൽ ഇടിമുഴക്കം സൃഷ്ടിച്ച പുന്നപ്ര വയലാർ സമരവും ആലപ്പുഴയുടെ രണശോഭ പടർത്തി. അക്കാലത്ത് ത്യാഗപൂർണമായ സമര ജീവിതത്തിലൂടെ ചരിത്രത്തിനൊപ്പം നടന്ന തൊഴിലാളി നേതാക്കളിൽ പ്രമുഖൻ ആയിരിന്നു എം.ടി. ചന്ദ്രസേനൻ. അനുഭവങ്ങളുടെ അക്ഷയ ഖനിയായ ആ ജീവിതം പുതുതലമുറക്കുള്ള ചരിത്ര പുസ്തകം കൂടിയാണ്.

1938 മുതൽ ട്രേഡ് യൂണിയനിലും സ്റ്റേറ്റ് കോൺഗ്രസിലും പ്രവർത്തിച്ചിരുന്ന സഖാവ് എം.ടി.സി., ഐതിഹാസിക പണിമുടക്കിലും പിന്നീട് സ്വാതന്ത്ര്യസമരത്തിലും സജീവമായി പങ്കെടുത്തത് ചരിത്രം. പുന്നപ്ര വയലാർ സമരത്തിന്റെ മുഖ്യധാരയിൽ ഉണ്ടായിരുന്ന എം.ടി.സി. തന്റെ പ്രവർത്തനം കൂടുതൽ ഇഴ പാകിയത് കയർ തൊഴിലാളി മേഖലയിൽ ആയിരുന്നു.

യുഗ പ്രഭാവനായ ടി.വി. തോമസിനുശേഷം തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ (എ.ഐ.ടി.യു.സി.) പ്രസിഡന്റായ എം.ടി.സി. തൊഴിലാളികളുടെ അവകാശ പോരാട്ടങ്ങളുടെ മുൻനിരയിൽ നിന്നു. കയർ തൊഴിലാളികളും ഫാക്ടറി തൊഴിലാളികളും ഏറെ ചൂഷണങ്ങൾക്ക് വിധേയമായ കാലം. ഇത്തരം ചൂഷണങ്ങളിൽ നിന്ന് തൊഴിലാളികളെ മോചിപ്പിക്കുവാൻ അദ്ദേഹം മുന്നോട്ട് വെച്ച നിർദേശങ്ങൾ ചരിത്രത്തിലിടം തേടി. ചെറുകിട കയർ ഫാക്ടറി ഉടമകളുടെ ഉത്പന്നങ്ങൾ ഏറ്റെടുക്കുവാൻ പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്ന അദ്ദേഹത്തിന്റെ കൂടി നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടി.വി. തോമസ് കയർ കോർപറേഷനും ഫോം മാറ്റിങ്സും സ്ഥാപിച്ചത്.

ഏതുമേഖലയിലും തന്റെ സമർപ്പിതജീവിതംകൊണ്ടും ഇടപെടൽ കൊണ്ടും ആരുടെയും ആദരവ് പിടിച്ചുപറ്റിയ അദ്ദേഹം വർഗ്ഗ താത്പര്യങ്ങൾ മുറുകെ പിടിക്കുന്നതിലും ജാഗ്രത കാട്ടി. കയർ മേഖലയുടെ ഉയർച്ചക്ക് ഉതകുന്ന ഒട്ടേറെ നിർദേശങ്ങൾ മുന്നോട്ടുവച്ച അദ്ദേഹം കയർഫെഡ് വൈസ് ചെയർമാൻ, ഫോം മാറ്റിംഗ്സ് ചെയർമാൻ, കയർ ബോർഡംഗം,



സി.ഐ.ആർ.സി. അംഗം, അമ്പലപ്പുഴ കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് കോർപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റ് എന്നി നിലകളിലും പ്രവർത്തിച്ചു.

പ്രവർത്തന മേഖലകളിലെല്ലാം വ്യക്തി മുദ്ര ചാർത്തിയ നേതാവായിരുന്നു അദ്ദേഹം. സി.പി.ഐ. സംസ്ഥാന എക്സിക്യൂട്ടീവംഗം ആയിരുന്ന എം.ടി.സി. വിവിധ ട്രേഡ് യൂണിയനുകളുടെ സാരഥി, ജില്ലാ കൗൺസിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, മുനിസിപ്പൽ കൗൺസിലർ എന്നി മേഖലകളിലും ശ്രദ്ധേയമായ പ്രവർത്തനം നടത്തി.

പുന്നപ്ര വയലാർ സമരത്തിന് മുൻപ് കമ്യൂണിസ്റ്റ് പാർട്ടി അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ ട്രേഡ് കൗൺസിലുകൾ സംഘടിപ്പിച്ചിരിന്നു. ഇവർക്ക് പരിശീലനവും നൽകി. ഇവരെ രാഷ്ട്രീയമായി സജ്ജമാക്കാനുള്ള ചുമതലയും പാർട്ടി അദ്ദേഹത്തിന് നൽകി. പിന്നീട് അദ്ദേഹം ചേർത്തലയിൽ വെച്ച് പോലീസ് പിടിയിലായി. ചേർത്തല, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലായിരുന്നു ജയിൽവാസം.

തിരുവനന്തപുരം സെൻട്രൽ ജയിലിൽ പുന്നപ്ര വയലാർ ദിനത്തിൽ രക്തപതാക ഉയർത്തിയതുമായി ബന്ധപ്പെട്ട് മറ്റു സഖാക്കളോടൊപ്പം പോലീസുമായി അദ്ദേഹവും ഏറ്റുമുട്ടി. ശിക്ഷ കഴിഞ്ഞിട്ടും ജയിൽ മോചിതനായില്ല. ചാല ലോക്കപ്പ്, കുതിരാലയം തുടങ്ങിയ ജയിലുകളിൽ പിന്നെയും തടവ് അനുഭവിക്കേണ്ടിവന്നു. ത്യാഗത്താൽ സമ്പന്നമായ കേരളത്തിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അതുല്യമായ സംഭാവന നൽകിയവരാണ് ആലപ്പുഴയിലെ പോരാളികൾ. ആലപ്പുഴയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനം കരുപിടിപ്പിക്കുവാൻ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ചരിത്രത്തെയും വർത്തമാനത്തെയും ഭാവിയെയും ശോണപുളകങ്ങൾ അണിയിക്കുന്നു.

# കയർ സംഘത്തിന്റെ സ്വന്തം ഡോക്ടർ

**ബി.**എഡ്, എംഫിൽ, സാഹിത്യത്തിൽ ഡോക്ടറേറ്റ്; 100 കുടുംബങ്ങളെ മുന്നോട്ട് നയിക്കുന്ന 'ഡ്രൈവർ ഓച്ചിറ കൊറ്റംപള്ളി നവോദയ കയർ വ്യവസായ സഹകരണ സംഘം കയർപിരി യൂണിറ്റിൽ ജോലി ചെയ്യുന്ന ഡോ. ശൈലേഷ്.

ഹിന്ദി സാഹിത്യത്തിൽ ഡോക്ടറേറ്റുള്ള വി. ശൈലേഷ് താൻ സ്ഥാപിച്ച സഹകരണസംഘത്തിലെ തൊഴിലാളികൾക്ക് ചകിരിയെത്തിക്കുന്ന വാഹനത്തിന്റെ ഡ്രൈവറാണ്. എം.എ, ബി.എഡ്, എം.ഫിൽ, പി.എച്ച്.ഡി. ഇത്രയൊക്കെ വിദ്യാഭ്യാസ യോഗ്യതകളുണ്ടെങ്കിലും ഡോ. വി. ശൈലേഷിന് വരുമാനമാർഗമായത് ചകിരിയും സ്വന്തം ഡ്രൈവിംഗ് ലൈസൻസുമാണ്.

ഓച്ചിറ കൊറ്റംപള്ളി നവോദയ കയർ വ്യവസായ സഹകരണസംഘത്തിന്റെ പ്രധാനപ്രവർത്തകരിൽ ഒരാളായ ശൈലേഷ് കോളജ് ഗസ്റ്റ് അധ്യാപക ജോലി ഉപേക്ഷിച്ചാണ് ഇപ്പോൾ സംഘത്തിനു വേണ്ടി തൊഴിലാളികളുടെ വീട്ടിൽ ചകിരി എത്തിക്കുന്നത്.

'മധ്യവർഗ സ്ത്രീയുടെ മാറുന്ന മുഖം ഉഷാ പ്രിയംവദയുടെ നോവലുകളിൽ' എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ ശൈലേഷ്, നൂറോളം സ്ത്രീകൾക്കു ജോലി നൽകുന്ന ഒരു പ്രസ്ഥാനം സ്വന്തം നാട്ടിൽ ആരംഭിച്ച് സാധാരണക്കാരായ വീട്ടമ്മമാരുടെ 'മാറുന്ന മുഖ'ത്തിന് കാരണമായി. സംസ്ഥാനത്തെ മികച്ച മൂന്നാമത്തെ കയർ സംഘമായി 2019-20 സാമ്പത്തിക വർഷത്തിൽ നവോദയയെ സർക്കാർ തിരഞ്ഞെടുത്തിരുന്നു.

കയർ വ്യവസായത്തിന് കാര്യമായ വളർച്ച ഇല്ലാതിരുന്ന ഓച്ചിറ, തഴവ പഞ്ചായത്തുകളിൽ, ചകിരി



ഉത്പാദനവും കയർ നിർമാണവും വ്യാപകമാക്കിയതിൽ ഓച്ചിറ കൊറ്റംപള്ളി ഇരുപ്പയ്ക്കൽ ശൈലേഷിന്റെ അധ്വാനവും ദീർഘവീക്ഷണവുമുണ്ട്. ഇവിടുത്തെ നവോദയ ക്ലബിന്റെ സെക്രട്ടറി ആയിരുന്നു ശൈലേഷ്.

നെഹ്റു യുവകേന്ദ്രയും കയർ ഫെഡിന്റെയും നേതൃത്വത്തിൽ നടന്നിരുന്ന സ്വയം തൊഴിൽ പരിശീലന ക്ലാസുകളിലെ അധ്യാപകനായി പോയിരുന്നു. കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നതിനെക്കാൾ പ്രാവർത്തികമാക്കുന്നതിലായിരുന്നു ശൈലേഷിന് താത്പര്യം.

# സ്ത്രീശാക്തീകരണം, സമഗ്രപുരോഗതിക്ക് അനിവാര്യം



ശാന്തി കെ.എൻ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഒരു സ്ത്രീ ആയി ജീവിക്കുന്നത് മഹത്തരമായ കാര്യമാണ്. പക്ഷേ, ഇന്ത്യൻ ചരിത്രത്തിൽ എല്ലായ്പ്പോഴും ഈ രീതിയിൽ ആയിരുന്നില്ല. ''ഫെമിനിസം' അല്ലെങ്കിൽ സ്ത്രീശാക്തീകരണം എന്ന വാക്ക് പോലും ഉപയോഗിക്കാത്ത ഒരു കാലമുണ്ടായിരുന്നു.

സമൂഹത്തിന്റെ 'മാനദണ്ഡങ്ങൾ' എന്ന് വിളിക്കപ്പെടുന്നതിനും, യഥാർത്ഥത്തിൽ ജന്മാവകാശങ്ങൾ നേടിയെടുക്കുന്നതിനും സ്ത്രീകൾ പാടുപെട്ട ഒരു കാലമുണ്ടായിരുന്നു. ഇന്ത്യൻ ചരിത്രത്തിൽ വിപ്ലവമാറ്റങ്ങൾ തീർത്ത തങ്കലിപികളാൽ കുറിക്കപ്പെടേണ്ട സ്ത്രീരത്നങ്ങളുണ്ടായിരുന്നു.

നൂറ്റാണ്ടുകൾ അടിമയാക്കപ്പെട്ട് പിന്നീട് നീണ്ട സമരങ്ങളിലൂടെ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് സ്വതന്ത്രമായ ഇന്ത്യ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനാഘോഷവേളയിലാണ്. സ്വാതന്ത്ര്യം ഒരു വ്യക്തിക്ക് നേടിത്തരാൻ കഴിയുന്ന ഒന്നല്ലെന്നും അതിന് ഒരു വലിയ ജനതയുടെ ജീവിതത്തിന്റെ വിലയുണ്ടെന്നും തിരിച്ചറിയേണ്ട സമയം കൂടിയാണിത്. 'അഖണ്ഡത' എന്ന വാക്കിന് ഇന്ന് പഴയ കാലത്തേക്കാൾ മൂല്യം കൽപ്പിക്കപ്പെടുന്നു. 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം കൈമോശം വന്നാൽ രാജ്യത്തിന്റെ നിലനിൽപ്പിനെ തന്നെ അത് അപകടകരമാംവിധം സ്വാധീനിക്കുമെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഊർജ്ജപ്രവാഹമായിരുന്നു സ്ത്രീ സാന്നിദ്ധ്യം. സ്ത്രീയ്ക്ക് ഇന്നത്തേതിനെക്കാൾ സഞ്ചാര വിലക്ക് ഉണ്ടായിരുന്നിട്ടു കൂടി സ്ത്രീകൾ ധാരാളമായി സമരമുഖത്തേക്ക് ഒഴുകി. അതിന് ദേശ, ഭാഷ വ്യത്യാസങ്ങളില്ലായിരുന്നു.

## സാവിത്രി ബായ്ഫുലെ



ഇന്ത്യയിലെ വനിത വിദ്യാഭ്യാസത്തിന്റെ തുടക്കകാരിയായിരുന്നു സാവിത്രി ബായ് ഫുലെ. ഇന്ത്യയിലെ സ്ത്രീകളുടെ അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിലും സാമൂഹിക മുൻവിധികൾ അവസാനിപ്പിക്കുന്നതിലും പ്രധാന പങ്ക് വഹിച്ചു. 1998 മാർച്ച് 10ന് സാവിത്രിബായിയുടെ സംഭാവനകളെ മാനിച്ച് ഇന്ത്യൻ പോസ്റ്റ് ഒരു സ്റ്റാമ്പ് പുറത്തിറക്കി.

## റാണി ലക്ഷ്മി ഭായ്

ഇന്ത്യൻ ചരിത്രം ഈ ധീരവനിതയെ വിശേഷിപ്പിക്കുന്നത് ഝാൻസി റാണി എന്നാണ്. മറാട്ട ഭരണത്തിന് കീഴിലായിരുന്ന ഝാൻസിയിലെ റാണി ആയിരുന്നു



റാണിലക്ഷ്മീ ഭായി. മറ്റുള്ളവരുടെ പിന്തുണ തേടി അവർ പുരുഷൻമാരെ മാത്രമല്ല സ്ത്രീകളെയും ഉൾക്കൊള്ളുന്ന ഒരു സന്നദ്ധസേനയെ രൂപീകരിച്ചു. അവരുടെ ധൈര്യം, ജ്ഞാനം പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രീ ശാക്തീകരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ, അവരുടെ ത്യാഗങ്ങൾ എന്നിവ റാണി ലക്ഷ്മിഭായിയെ ഇന്ത്യൻ സ്വാതന്ത്ര പ്രസ്ഥാനത്തിന്റെ പ്രതിരൂപമാക്കി മാറ്റി.

### സുചേത കൃപലാനി



ഇന്ത്യയുടെ മികച്ച സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു സുചേത കൃപലാനി. ഇന്ത്യയുടെ വിഭജന കലാപ സമയത്ത് സുചേത മഹാത്മഗാന്ധിയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. 1946 ൽ അവർ അദ്ദേഹത്തോടൊപ്പം നവഖാലിയിലേക്ക് പോയി. ഭരണഘടനാ അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചില സ്ത്രീകളിൽ ഒരാളായിരുന്നു അവർ. ഇന്ത്യൻ ഭരണഘടനയുടെ ചാർട്ടർ സമർപ്പിക്കാനുള്ള ചുമതല കൈമാറിയ ഉപസമിതിയുടെ ഭാഗമായി. 1947 ആഗസ്റ്റ് 15 ന് സ്വാതന്ത്ര്യദിനത്തിൽ, ഭരണഘടന അസംബ്ലിയുടെ സ്വാതന്ത്ര്യ സെക്ഷനിൽ വന്ദേമാതരം ആലപിച്ചു. 1963 ൽ ഉത്തർപ്രദേശ് മുഖ്യമന്ത്രി പദവി വഹിച്ച ആദ്യ വനിതയായി.

### ജസ്റ്റിസ് അന്നാചാണ്ടി




'ഒന്നാം തലമുറ ഫെമിനിസ്റ്റ്' എന്ന് പലപ്പോഴും വിശേഷിക്കപ്പെടുന്ന അന്നാ ചാണ്ടി, കേരളത്തിൽ നിയമ ബിരുദം നേടിയ ആദ്യ വനിതയായിരുന്നു. ഒരു ബാരിസ്റ്ററായിരുന്ന കാലം മുതൽ അവർ സ്ത്രീകളുടെ അവകാശങ്ങൾക്കായി വാദിച്ചു. 1931 –ൽ ശ്രീമൂലം പ്രജാസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. 1932ൽ അവർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് അവർ മുൻസിഫ് ആയി. ഇന്ത്യയിലെ ആദ്യവനിത ജഡ്ജിയായി. 1959 ൽ കേരള ഹൈക്കോടതി ജഡ്ജിയായി.

### എ.വി. കുട്ടിമാളു അമ്മ


കേരളത്തിൽ നിന്നുള്ള സ്വാതന്ത്ര്യസമര പ്രവർത്തക. 1931 ൽ സ്വദേശി പ്രസ്ഥാനത്തിലൂടെ കടന്നുവന്നു. 1932ൽ രണ്ട് മാസം പ്രായമായ കുഞ്ഞുമായാണ് അവർ നിസഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്തത്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ രണ്ട് തവണ ബ്രട്ടീഷ് സർക്കാർ കുട്ടിമാളു അമ്മയെ തടവിലിട്ടു.

### സരോജിനി നായിഡു



1879ൽ ജനിച്ച സരോജിനി നായിഡു നൈറ്റിംഗേൽ ഓഫ് ഇന്ത്യ (ഇന്ത്യയുടെ വാനമ്പാടി) എന്നറിയപ്പെട്ടിരുന്നു. 1905 ഓടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ട അവർ ഇന്ത്യയുടെ പോരാട്ടങ്ങളിൽ സജീവപങ്കാളിയായിരുന്നു. ഇന്ത്യൻ കോൺഗ്രസിന്റെ ആദ്യ വനിത പ്രസിഡന്റായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തെ തുടർന്ന് ഉത്തർപ്രദേശ് ഗവർണ്ണറായി. അവരുടെ സാഹിത്യ കൃതികളായ ദി ഗോൾഡൺ ത്രെഷോൾഡ്, ദി ബേർഡ് ഓഫ് ടൈം, ദി ബ്രോക്കൺ വിംഗ് എന്നിവ ഏറെ പ്രസിദ്ധമാണ്.

### അരുണാ ആസഫ് അലി



അവിഭക്ത പഞ്ചാബിലെ ഒരു ബംഗാളി കുടുംബത്തിലാണ് അരുണ ഗാംഗുലി ജനിച്ചത്. 1928ൽ കോൺഗ്രസ് നേതാവായിരുന്ന ആസഫ് അലിയെ വിവാഹം കഴിച്ചതോടെ അരുണാ ആസഫ് അലിയെന്ന് അറിയപ്പെട്ടു. വിവാഹാനന്തരം കോൺഗ്രസ് പാർട്ടിയുടെ സജീവപ്രവർത്തകയായ അവർ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. 1942 ഓഗസ്റ്റ് 8ന് എ.ഐ.സി.സി ബോംബെ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കി.

ബ്രിട്ടീഷ് ഗവണ്മെന്റ് കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിലെ എല്ലാ അംഗങ്ങളെയും അറസ്റ്റ് ചെയ്തു. ഓഗസ്റ്റ് 9ന് അരുണ ആസഫ് അലി സമ്മേളനത്തിന്റെ അധ്യക്ഷത വഹിക്കുകയും ഗോവാലിയ ടാങ്ക് മൈതാനത്തിൽ കോൺഗ്രസ് പതാക ഉയർത്തുകയും ചെയ്തു. ബ്രിട്ടീഷ് ഗവണ്മെന്റ് അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചതിനാൽ അവർ ഒളിവിൽ പോയി. പിൽക്കാലത്ത് റാം മനോഹർ ലോഹ്യയുമൊന്നിച്ച് അവർ ഇങ്കിലാബ് എന്ന കോൺഗ്രസിന്റെ മാസിക പുറത്തിറക്കി.കോൺഗ്രസ് വിട്ട അവർ 1948ൽ സോഷ്യലിസ്റ്റ് പാർട്ടിയിലും പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായി.

1954ൽ സി.പി.ഐയുടെ വനിതാ വിഭാഗമായ നാഷനൽ ഫെഡറേഷൻ ഒഫ് ഇന്ത്യൻ വിമൻ രൂപീകരിക്കാൻ സഹായിച്ചു. 1958ൽ ഡൽഹിയുടെ ആദ്യ മേയറായി തെരഞ്ഞെടുക്കപ്പെട്ടു ഇതേ വർഷം ദ പാട്രിയോട്ട് എന്ന പത്രവും ആരംഭിച്ചു. രണ്ടാം പ്രാവശ്യവും മേയറായ അവർ 1959 ഏപ്രിൽ വരെ അധികാരത്തിൽ തുടർന്നു. 1964ൽ കോൺഗ്രസിൽ തിരിച്ചുപോയെങ്കിലും അടിയന്തരാവസ്ഥയ്ക്കെതിരായ നിലപാട് എടുത്തു. 1964ൽ ലെനിൻ സമാധാന സമ്മാനം, 1992ൽ പത്മവിഭൂഷൺ എന്നിവയും 1997ൽ മരണാനന്തരം ഭാരത രത്ന ബഹുമതിയും ലഭിച്ചു.

### കെ.ആർ. ഗൗരിയമ്മ

കേരളക്കരയിൽ വിശേഷണങ്ങളും വിശദീകരണങ്ങളും വേണ്ടാത്ത നേതാവാണ് കെ.ആർ. ഗൗരിയമ്മ.



ഓരോ മലയാളിയുടേയും മനസിൽ വിപ്ലവ ജ്വാലയായി എന്നും ആളിക്കത്തുന്ന സവിശേഷ വ്യക്തിത്വം. വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ സജീവ കമ്യൂണിസ്റ്റായി മാറിയ അവർ സഹിച്ച കൊടിയ മർദ്ദനങ്ങളും യാതനകളും വിവരണാതീതമാണ്.

1953ലും 1954ലും നടന്ന തിരുവിതാംകൂർ, തിരു-കൊച്ചി നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വിജയിച്ച അവർ 1957ലെ പ്രഥമ മന്ത്രി സഭയിലും അംഗമായി. അഞ്ചാം നിയമസഭയിലൊഴികെ ഒന്നു മുതൽ പതി നൊന്നുവരെ എല്ലാ നിയമസഭകളിലും ഗൗരിയമ്മ അംഗമായിരുന്നഅവർ 1957, 1967, 1980, 1987, 2001, 2004 എന്നീ വർഷങ്ങളിൽ രൂപംകൊണ്ട മന്ത്രിസഭകളിലും അംഗമായിരുന്നു. ഭൂപരിഷ്കരണമടക്കം കേരളത്തെ മാറ്റി മറിച്ച നിരവധി നിയമ നിർമ്മാണങ്ങൾക്ക് ചുക്കാൻ പിടിച്ചത് ഗൗരിയമ്മയാണ്.

## സുശീലാഗോപാലൻ



കേരളത്തിലെ പ്രമുഖ കമ്യൂണിസ്റ്റ് നേതാവും മന്ത്രിയും നിയമസഭാ സാമാജികയുമായിരുന്ന സുശീല ഗോപാലൻ ആലപ്പുഴ ജില്ലയിലെ മുഹമ്മയിലാണ് ജനിച്ചത്. മഹാനായ എ.കെ.ജി.യെയാണ് സുശീല ജീവിത സഖാവായി തിരഞ്ഞെടുത്തത്. സി.പി.ഐ.(എമ്മിന്റെ) സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന സുശീല. 1980ൽ ആലപ്പുഴയിൽ നിന്നും 1991ൽ ചിറയിൻകീഴ് നിന്നുമായി രണ്ടു തവണലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

1996ൽ നായനാർ നേതൃത്വം നൽകിയ കേരള സംസ്ഥാനമന്ത്രിസഭയിൽ വ്യവസായ മന്ത്രി ആയിരുന്ന മികവുറ്റ ഭരണാധികാരിയായി പേരെടുത്തു. സ്ത്രീശാക്തീകരണത്തിനും കയർത്തൊഴിലാളികളുടെ ക്ഷേമത്തിനും കയർ വ്യവസായത്തിന്റെ പുരോഗതിക്കും വേണ്ടിയായിരുന്നു അവരുടെ പൊതുജീവിതത്തിന്റെ സിംഹഭാഗവും ചെലവഴിച്ചത്.

## കൽപ്പന ചൗള

ഒരു ഇന്ത്യൻ അമേരിക്കൻ ബഹിരാകാശ യാത്രികയും ബഹിരാകാശത്തെത്തിയ ആദ്യത്തെ ഇന്ത്യൻ വനിതയുമായിരുന്നു കൽപ്പന ചൗള. 2003 ൽ ബഹിരാകാശ പേടകമായ കൊളംബിയ തകർന്ന് മരണപ്പെട്ടു. കഠിനാധ്വാനത്തിലൂടെയും കഷ്ടപാടുകളിലൂടെയും ലക്ഷ്യം നേടിയ കൽപ്പന ചൗള സ്ത്രീകൾക്ക് എന്നും മായാത്ത പ്രചോദനമാണ്.



സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ധീര വനിതകളിൽ ചിലരെ മാത്രമാണ് ഈ കുറിപ്പിൽ പ്രതിപാദിച്ചിട്ടുള്ളത്. ഇവരടക്കം അറിയുന്നവരും അറിയപ്പെടാത്തവരുമായ അസംഖ്യം വനിതകളുടെ പോരാട്ടത്തിന്റെ ചരിത്രം കൂടിയാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രം. പരിമിതികളിൽപെട്ടുപോകാതെ സ്വയം തീരുമാനമെടുത്ത് മുന്നേറുവാൻ സ്ത്രീയെ ശക്തമാക്കേണ്ടത് രാജ്യത്തിന്റെ സമഗ്രവികസനത്തിന് അനിവാര്യമാണ്. സ്ത്രീ-പുരുഷ സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹത്തിന് മാത്രമേ ഈ സുസ്ഥിതി ആർജ്ജിക്കുവാൻ കഴിയൂ. സ്ത്രീ ശാക്തീകരണം സ്ത്രീ പുരുഷ സമത്വത്തിന് മാത്രമല്ല സമൂഹത്തിന്റെ സമഗ്രമായ ഉയർച്ചയ്ക്കും സാമൂഹിക മാറ്റത്തിനും വഴിയൊരുക്കും. സ്ത്രീയിൽ അന്തർലീനമായിരിക്കുന്ന കഴിവ്, സർഗാത്മകത ആർജിച്ചിട്ടുള്ള പ്രാവീണ്യം എന്നിവ കണ്ടെത്തി പരിപോഷിപ്പിക്കുകയും ആത്മവിശ്വാസത്തോടെ എല്ലാ മേഖലയിലും പ്രവർത്തിക്കുവാൻ സ്ത്രീയെ സജ്ജമാക്കുകയുമാണ് സ്ത്രീ ശാക്തീകരണത്തിന്റെ ലക്ഷ്യം.

തങ്ങൾ അടുക്കളയിൽ ഒതുങ്ങേണ്ടവരല്ല എന്ന ബോധം സ്ത്രീകൾക്കുണ്ടാകണം. ആ ബോധം ഉണ്ടായാൽ സ്ത്രീകൾക്ക് മാറ്റമുണ്ടാകും. സമൂഹം കൂടി കൈകോർത്താലെ ഈ മാറ്റം സാധ്യമാകൂ. പെൺ കുട്ടികൾക്ക് സ്വന്തമായി ജീവിത ലക്ഷ്യം ഉണ്ടാക്കിയെടുക്കാൻ വേണ്ട പ്രത്യേക പദ്ധതികൾ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. പദ്ധതികളും, ആശയങ്ങളും ഉള്ളപ്പോഴും മനസിൽ കുറിക്കേണ്ട ഒന്നുണ്ട്. സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണവും സമത്വവും സ്ത്രീകളുടെ മാത്രം പ്രശ്നമല്ല, സമൂഹത്തിന്റെ കൂടിയാണ്. സ്ത്രീ ശാക്തീകരണം സാധ്യമാകുമ്പോൾ സാമ്പത്തികശേഷിയും വിദ്യാഭ്യാസവും, ആരോഗ്യവുമുള്ള, സുരക്ഷിതരായ വനിതാ തലമുറ ഉയർന്നു വരും. ലക്ഷ്യബോധത്തിൽ എത്തിച്ചേരാൻ എല്ലാവർക്കും സാധിക്കും. അതിനായി കണ്ണുതുറന്ന് കാണാം. ചെവി തുറന്ന് കേൾക്കാം, മനസറിഞ്ഞ് മനസിലാക്കാം.







# കയർഫെഡ് ആലപ്പുഴ ഗോഡൗൺ ഉദ്ഘാടനം ചെയ്തു

*കയർഫെഡ് ആലപ്പുഴ റീജിയണൽ ഓഫീസ് കോമ്പൗണ്ടിലെ ഗോഡൗണിന്റെ ഉദ്ഘാടനം കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ നിർവഹിക്കുന്നു. കയർഫെഡ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗം വി.എസ്. മണി, അസിസ്റ്റന്റ് ഫൈനാൻസ് മാനേജർ വി.എൻ. ശശികുമാർ, മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരി, ബാബു വിജയനാഥ്, പി. പ്രജീഷ്, ഹരികുമാർ എന്നിവർ സമീപം*

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-07-2021, July 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705